SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.04.2025

RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:13 ISSUE NO:01 APRIL 2025 ANNUAL SUBSCRIPTION Rs. 100/-

## ഫാമിലി കോൺഫറൻസ് ജൂലൈ 31 മുതൽ

**ഹൂസ്റ്റൺ:** എഫ്. ഐ. ബി. എ. ഫാമിലി കോൺഫറൻസ് 2025 ഹൂസ്റ്റണനിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ജൂലൈ 31 മുതൽ ആഗസ്റ്റ് 3 വരെയാണ് കോൺഫറൻസ് നടത്തപ്പെടുന്നത്. ബ്രദർ തോംസൺ ബി തോമസ്, ബ്രദർ സ്റ്റീവ് പ്രൈസ്, ബ്രദർ നേറ്റ് ബ്രാംസെൻ, ബ്രദർ വർഗീസ് കുര്യൻ എന്നിവരായിരിക്കും സ്പീകരുമാർ. "ജീവിതത്തിലെ വെല്ലുവിളികളെ തരണം ചെയ്യുക" 2 പത്രോസ് 1:3-4 എന്നതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ തീം.



ചുമത്ര ബ്രദറൺ സഭാഹാൾ പൂട്ടിയ നിലയിൽ


## വൈ. എം. ഇ. എഫ്

**കോട്ടയം :** ദൈവത്തിൽ നിന്ന് അകലുന്ന ഈ തലമുറയിൽ നിന്നും ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തെയും ക്രിസ്തു കേന്ദ്രീകൃതമായ വിവാഹ ബന്ധങ്ങളും പടുത്തുയർത്തുവാൻ യുവതലമുറയെ ക്രിസ്തുവിനായി സമർപ്പിത ജീവിതത്തിലേക്ക് മടക്കി വരുത്തുക എന്ന ആശയവുമായി വൈ. എം. ഇ എഫ്. കോട്ടയം സെന്റർ 2025 ഏപ്രിൽ 18ന് (ദുഃഖവെള്ളി) രാവിലെ 9.30 മുതൽ ഒരു കുടുംബ സംഗമം അരീപ്പറമ്പ് ക്രിസ്ത്യൻ ബ്രദറൺ സഭയിൽ വച്ച് നടത്തപ്പെട്ടു. ഈ പ്രത്യേക സമ്മേളനത്തിൽ, സുവിശേഷകൻ തോംസൺ ബി. തോമസ് (മുംബൈ) ക്ലാസുകൾ നയിച്ചു.

യുവജനങ്ങളുടെ പ്രത്യേക പ്രോഗ്രാമുകൾ ഉണ്ടായിരുന്നു. ഗായകരായ ബ്രദർ ബിനോയ് ചാക്കോ, സുവിശേഷകൻ ജെയിംസ് ജോൺ തോട്ടപ്പള്ളി എന്നിവർ ഗാനങ്ങൾ ആലപിച്ചു.

ഇന്നേദിവസം തന്നെ കടന്നുവന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചു. സുവിശേഷകൻ ബ്രദർ സാം വെമ്പുഴയാണ് ക്ലാസുകൾ നയിച്ചത്. എഫെസിയ ലേഖനത്തിൽ നിന്നും ബൈബിൾ ക്വിസ് ഉണ്ടായിരുന്നു. ഇതിൽ സമ്മാനങ്ങളും ഉച്ചഭക്ഷണം നൽകുകയും ചെയ്തു.


## ഹിന്ദി-ഇംഗ്ലീഷ് ബൈബിൾ 5-ാം പതിപ്പ് പ്രസിദ്ധീകരിച്ചു




## നാരായൺപട്ടണ ബ്രദറൺബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

**പിപൽപാദർ:** എ മിനിസ്ട്രി ഓഫ് ക്രിസ്ത്യൻ ബ്രദറൺ മിനിസ്ട്രി ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നാരായൺപട്ടണ ബ്രദറൺ ബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങും കൺവൻഷനും പിപൽപാദർ ബ്രദറൺ അസംബ്ലി ഹാളിൽ വെച്ച് നടത്തപ്പെട്ടു. ബ്രദർ ബെൻ തോമസ് ജോൺ, ഇവാ. സജി എ ജോൺ, ഡോ. കെ സി ജോൺസൺ എന്നിവരാണ് സ്പീക്കർമാർ. ഏപ്രിൽ 24 രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ ബിരുദ സേവനം ഉണ്ടായിരുന്നു. 25 ന് രാവിലെ 10.00 മണി മുതൽ രാത്രി 9.00 മണി വരെയും, 26 ന് രാവിലെ 10.00 മുതൽ ഉച്ചയക്ക് 1.00 മണി വരെയും കൺവൻഷൻ ഉണ്ടായിരിക്കും.

## സത്യം പബ്ലിക്കേഷൻസ് കൊൽക്കത്തയിൽ




## ബഥനി ബൈബിൾസ്കൂൾ

**കുമ്പനാട്:** ബ്രദറൺ സഭകളുടെ ബൈബിൾ സ്കൂൾ എന്നറിയപ്പെടുന്ന ബഥനി ബൈബിൾ സ്കൂൾ 1949-ൽ സ്ഥാപിതമായി. ഇന്ത്യയിലെ ആദ്യ ബ്രദറൺ ബൈബിൾ സ്കൂളുമാണിത്. 75-ാ മതു ബാച്ചിന്റെ ക്ലാസുകൾ ജൂൺ 2 ന് ആരംഭിക്കും. മലയാളം മീഡിയത്തിൽ ഒരു വർഷത്തേക്കുള്ള കോഴ്സാണിത്. ഇവിടെ സൗജന്യ താമസവും ഭക്ഷണവും പഠനവും ലഭിക്കുന്നതാണ്. ആത്മീകരും പ്രാപ്തരുമായ 20 അദ്ധ്യാപകരുമുണ്ട്. ഉച്ച വരെ ക്ലാസുകളും പിന്നീട് പ്രവർത്തനങ്ങളും ഉണ്ടായിരിക്കും. ഞായറാഴ്ച്ചകളിൽ വിവിധ സ്ഥലം സഭകളിലെ ശുശ്രൂഷകൾക്കും അവസരമുണ്ട്. ഇവിടെ 1700 പൂർവ വിദ്യാർത്ഥികളുമുണ്ട്. പൂർവ വിദ്യാർത്ഥികളാൽ ഭാരതത്തിൽ സ്ഥാപിക്കപ്പെട്ട സഭകൾ അനവധിയുണ്ട്. അടിസ്ഥാന ഉപദേശങ്ങൾ, ബൈബിളിലെ പ്രധാന പുസ്തകങ്ങൾ, പ്രസംഗപരിശീലനം, വ്യാഖ്യാനശാസ്ത്രം, കൗൺസലിംഗ് തുടങ്ങി 40 ലധികം വിഷയങ്ങൾ പഠിപ്പിക്കുകയും ചെയ്യും. ഡേസ്കോളേഴ്സിനു പഠനത്തിനുള്ള അവസരവും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി താഴെ തന്നിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക:

പ്രിൻസിപ്പൽ : വർഗീസ് കെ കുരിയൻ-9447404646
സെക്രട്ടറി: പി എ ഫിലിപ്പ് - 860318239

## എസ്. ബി. എസ് കുടുംബ സംഗമവും പ്രവചന സമ്മേളനവും

**പത്തനംതിട്ട:** എസ്. ബി. എസ്. പത്തനംതിട്ട സെന്റർ ക്യാമ്പിനോട് അനുബന്ധിച്ച് പ്രവചന സമ്മേളനവും, കുടുംബ സംഗമവും പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് നടത്തപ്പെട്ടു. പ്രവചന സമ്മേളനം ഏപ്രിൽ 17 വ്യാഴം 18 വെള്ളി ദിവസങ്ങളിൽ വൈകിട്ട് 6.00 മണി മുതൽ 8.15 വരെയാണ് നടത്തപ്പെട്ടത്. സുവി ജോൺ പി തോമസ് പ്രസംഗിക്കുകയും ചെയ്തു. കുടുംബ സംഗമം ഏപ്രിൽ 18 വെള്ളി 10.00 മണി മുതൽ 1.00 മണി വരെയാണ് നടത്തപ്പെട്ടത്. ഇവാ. റെജി കെ തോമസ്, ഡോ. ജോൺ ഏബ്രഹാം എന്നിവരാരായിരുന്നു ക്ലാസ്സുകൾ നയിച്ചത്.

## മിഷൻ ചലഞ്ച് കോൺഫറൻസ്

**ഭോപ്പാൽ :** ഹോപ്പ് അക്കാദമി ഓഫ് തിയോളജി & സയൻസ് നടത്തുന്ന മിഷൻ ചലഞ്ച് കോൺഫറൻസ് 2025 ഏപ്രിൽ 8 മുതൽ 9 വരെ ഹാറ്റ്സ് കാമ്പസ് നടത്തപ്പെടും. ഇവാ. ബെൻസൺ മാത്യു പാക്കഞ്ചൂർ, ഇവാ. അഭിലാഷ് തോമസ് കട്നി, ഇവാ. ഇമ്മാനുവൽ എബ്രഹാം ഡൽഹി എന്നിവരാണ് നേതൃത്ത്വം നൽകിയവർ.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

## തലക്കുറി

# 'വിശ്വാസ' വേലകൾ

**ബ്രദർ സി.വി. വടവന**



**കേ**രളത്തിലെ വേർപെട്ട ദൈവജനങ്ങളുടെ മദ്ധ്യത്തിലെ വിശ്വാസത്തിന്റെ വേലയേക്കുറിച്ച് ചില വരികൾ കുറിക്കട്ടെ! ഈയുള്ളവൻ ഇങ്ങനെയൊക്കെ ചിന്തിച്ചുപോകുന്നതിൽ ക്ഷമിച്ചാലും. വിശ്വാസത്തിന്റെ വേലകളാണല്ലോ ഇപ്പോൾ നെടുകയും കുറുകെയും നടക്കുന്നത്. പക്ഷേ കേട്ടാലും കണ്ടാലും നാണക്കേടുളവാക്കുന്ന സംഭവങ്ങളും പിന്നാമ്പുറ കഥകളുമാണ് പലർക്കും പറയുവാനുള്ളത്. വിശ്വാസം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പലതും വളഞ്ഞ വഴികളിലൂടെയാണ് നടത്തിവരുന്നത്. വിശ്വാസ വേലക്കാർ തന്നെ പലപ്പോഴും മാർജിൻ ലംഘിക്കുന്നു. കുറുക്കുവഴികൾ ആരായുന്നവർ തന്നെ കുറുക്കു വഴികൾക്കതിരെ പ്രഖ്യാപനം നടത്തുന്നു. അനാത്മീയർ തന്നെ ആത്മീയത്തിന്റെ പരമകാഷ്ഠ പഠിപ്പിക്കുന്നു. വായ്ക്കൊണ്ടു പറയുന്നതും പ്രായോഗികവും തമ്മിൽ യാതൊരു ബന്ധവുമില്ല.

ചില വർഷങ്ങൾക്കുമുമ്പ് കേരളത്തിനു വെളിയിലുള്ള ഒരു സഭയിൽ വച്ച് കേരളത്തിലെ പ്രഗത്ഭനായ ഒരു വിശ്വാസ വേലക്കാരന്റെ പ്രസംഗം കേൾക്കാനിടയായി. സഭാപ്രശ്നങ്ങളാണ് പ്രധാന വിഷയം. സഭയിൽ പ്രശ്നങ്ങൾ ഉണ്ടാക്കരുതെന്നതാണ് പ്രസംഗത്തിന്റെ കാമ്പ്. പ്രസ്തുത പ്രസംഗിയാർ അദ്ദേഹത്തിന്റെ സ്ഥലം സഭയിലെ ഏറ്റം വലിയ പ്രശ്നക്കാരനും അദ്ദേഹം നിമിത്തം പ്രസ്തുത സ്ഥലം സഭ ഭിന്നിച്ചു ഭരിക്കപ്പെടുകയുമാണെന്ന പരമസത്യം അവിടെ കൂടിയിരുന്നവരിൽ എനിക്കു മാത്രം അറിവുള്ളതാകയാൽ ഏകദേശം പതിനഞ്ചുമിനിറ്റോളം കുനിഞ്ഞിരിക്കേണ്ട ദൗർഭാഗ്യം എനിക്കുണ്ടായി. പ്രശ്നക്കാർ തന്നെ പ്രശ്നങ്ങൾക്കെതിരായി സംസാരിക്കുന്നു. സ്നേഹിക്കാനറിയാത്തവർ സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുന്നു. വിശ്വാസത്തിന്റെ പ്രവൃത്തിയേക്കാൾ വിശ്വാസത്തിന്റെ പ്രസംഗത്തിനു പ്രാധാന്യം കല്പിക്കുന്ന ഒരു സമൂഹം ഇന്നല്ലെങ്കിൽ നാളെ നേരിടേണ്ടിവരുന്ന ഒരു യാഥാർത്ഥ്യം മാത്രമാണ് ഈ നാണക്കേട് എന്നു സാരം.

നമ്മുടെയിടയിലെ പല വിശ്വാസ വേലകളും ദൈവവചനക്കണ്ണാടിയിലൂടെ കടത്തിവിട്ടാൽ വാശിയും, പിണക്കവും, പരദൂഷണവും, അസൂയയും, ദ്വന്ദപക്ഷവും ഒക്കെയാണെന്ന് എല്ലാവർക്കും മനസ്സിലാകും. വിശ്വാസത്തിന്റെ അടിവരയുള്ളതിനാൽ എല്ലാം പൊറുക്കപ്പെടുന്നു. പറച്ചിൽ കേട്ടാൽ ജോർജ് മുള്ളറിനേക്കാൾ വിശ്വാസ വീരന്മാരായി തോന്നും.

അപ്പോസ്തലനായ പൗലോസ്ശ്ലീഹാ വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയോസിനെഴുതുമ്പോൾ "അവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും" (1 തിമൊ, 6:5-6) എന്നു പറയുന്നു. ദൈവഭക്തിയെ ആദായമാർഗമാക്കാനാകുമെങ്കിൽ ഇതിലും പറ്റിയ വേല വേറെ ഏതെങ്കിലുമുണ്ടോ? പക്ഷെ സൂക്ഷിക്കുക വലിയ അപകടം പതിയിരിക്കുന്നു. പിശാചുക്കളും വിശ്വാസിക്കയും വേല ചെയ്യുകയും ചെയ്യുന്നു എന്ന കാര്യം നമ്മുടെ കർത്താവ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ! നമ്മുടെയിടയിൽ നടക്കുന്ന ക്രൂസേഡുകളും ജനറൽ കൺവൻഷനുകളും, മഹായോഗങ്ങളും ഒക്കെ ദൈവത്തോടുള്ള യഥാർത്ഥ ഭക്തി നിമിത്തമായിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു.

**-ചീഫ് എഡിറ്റർ**

# വിജയികൾ

**ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ**

**ലേഖനം**
**ഐസക് സാമുവേൽ**



**അ**വൻ ലോകത്തിലുണ്ടായിരുന്നു. എന്നാൽ അവൻ സൃഷ്ടിച്ച ലോകം അവനെ പകച്ചു. അവൻ തന്റെ സൃഷ്ടിപരമായ ശക്തി വെളിപ്പെടുത്തിയില്ലേ? അവൻ ആളുകൾക്ക് അവയവങ്ങൾ നല്കി. കൈകാലുകൾ നല്കി. കണ്ണുകൾ നല്കി. കേൾവിക്കുള്ള കഴിവു നല്കി. മരിച്ചവരെ ഉയിർപ്പിച്ചു. കാറ്റിനെ അടക്കി. കടലിനു മീതെ നടന്നു. അവൻ തന്റെ സൃഷ്ടിപരമായ ശക്തി പ്രകടമാക്കി.

ലോകത്തിൽ ഇരുന്നു കൊണ്ട് തന്നെത്തന്നെ വെളിപ്പെടുത്തി. ത്രിത്വത്തിൽ രണ്ടാമനായ രക്ഷകന്റെ ഏറ്റവും വലിയ പ്രത്യക്ഷതയാണ് ഇത്. അവനാണ് നമ്മുടെ യാഗവസ്തു. അതിനാൽ ക്രിസ്തുവിന്റെ വരവ് ആത്മീക ശുശ്രൂഷയുടെ സ്വഭാവത്തെക്കുറിച്ചും രക്ഷകന്റെ സ്വഭാവത്തെക്കുറിച്ചും നമ്മെ പ്രബോധിപ്പിക്കുന്നു.

മൂന്നാമതായി- ക്രിസ്തു ഭൂമിയിലേക്ക് വന്നുകൊണ്ടിരുന്നത് പാപികളായ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുവാനാണ്. സുവിശേഷം ഹൃദയങ്ങളിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുവാനും യോഹന്നാൻ ഇത് വ്യക്തമാക്കുന്നു. ഈ വാക്യം നിങ്ങളുടെ ഓർമ്മയിലേക്ക് കൊണ്ടുവരുവാൻ കഴിയും. 10-ാം വാക്യത്തിന്റെ മദ്ധ്യഭാഗം ലോകം അവൻ മുഖാന്തരം ഉളവായി. ലോകമോ അവനെ അറിഞ്ഞില്ല. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. മനുഷ്യന്റെ ഭദ്രതയെക്കുറിച്ചുള്ള അന്യാദൃശ്യമായ സാക്ഷ്യമാണിത്. സ്വർഗ്ഗത്തിന്റെ ഉജ്ജ്വലപ്രകാശം കൃപയും സത്യവും ഈ ലോകത്തിലെ പാപികൾക്കായി നല്കി. അവൻ അത് തിരസ്ക്കരിച്ചു. അവരുടെ ദുഷ്ടതയുടെ ഏറ്റവും നായകീയ തെളിവാണ് നിങ്ങൾക്ക് ഇതിലൂടെ കാണുവാൻ കഴിയുന്നത്.

പത്താം വാക്യം പറയുന്നു. ലോകമോ അവനെ അറിഞ്ഞില്ല. റോമർ 1-ൽ പറയുന്നത് അവർ ദൈവത്തെ അറിഞ്ഞില്ല. യോഹന്നാൻ 1-ൽ പറയുന്നത് അവർ ക്രിസ്തുവിനെ അറിഞ്ഞില്ല. അവർ പാപത്തെ സ്നേഹിക്കുന്നതുകൊണ്ട് ആത്മീക മരണവും അന്ധതയും അവരെ വിഴുങ്ങിക്കളഞ്ഞു. അവർ പാപത്തെ സ്നേഹക്കുന്നതു കൊണ്ട് ആത്മീക മരണവും അന്ധതയും അവരെ വിഴുങ്ങിക്കളഞ്ഞു. യോഹന്നാൻ 3:19, 20 ൽ വായിക്കുന്നത്. വെളിച്ചം ലോകത്തിൽ വന്നിട്ടും അവർ ഇരുളിനെ സ്നേഹിച്ചു. വെളിച്ചത്തെയല്ല. മറിച്ച് ഇരുളിനെ. അവർ അന്ധകാരത്തിൽ നിന്നും അന്ധകാരത്തിലേക്ക് മുങ്ങിപ്പോയി. നശിച്ചുപൊകുന്നവർക്ക് വെളിച്ചം മൂഢത്വമാണ്. റോമർ 1 ൽ അവർ ദൈവത്തെ അറിഞ്ഞില്ല. അവർ ദൈവപുത്രനായ ക്രിസ്തുവിനെ അറിഞ്ഞില്ല.

കർത്താവായ ക്രിസ്തുയേശുവിനെ യെഹൂദന്മാർ തിരസ്ക്കരിച്ചു എന്നതാണ് മനുഷ്യന്റെ ദുഷ്ടതയുടെ ഏറ്റവും വലിയ ഉദാഹരണം. അതിനു തുല്യമായി മറ്റൊന്നും ഇല്ല. അവൻ സ്വന്തത്തിലേക്ക് വന്നു. സ്വന്തമായവരോ അവനെ കൈകൊണ്ടില്ല. യോഹന്നാൻ ഈ സുവിശേഷത്തിലൂടെ നമുക്ക് കാണിച്ചു തരുന്നത് ക്രിസ്തുവിനെ നിരസിച്ച യഹൂദ ജനതയെയാണ്.


12-ാം വാക്യത്തിൽ നാലാമത്തെ പ്രത്യേകത കാണാം. സുവിശേഷത്തിൽ സത്യത്തിന്റെ പ്രകാശം വെളിപ്പെടുത്തുന്നു. രക്ഷകനെ സംബന്ധിച്ചും അതു കാണാം. അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു.

അവനെ കൈകൊള്ളുക എന്നതിന്റെ ആശയം എന്ത്? വിശ്വസിക്കുക എന്നാണ് അതിന്റെ അർത്ഥം. നാം ആരാണ്? മതപരമായ ഒരു കൂട്ടം ആളുകൾ ആണോ? മതധർമ്മങ്ങളെ അന്ധമായി അനുഗമിക്കുന്നവരോ? മതപരമായ ആചാരങ്ങളിലൂടെ പോകുന്നവരാണോ?

നമുക്ക് ക്രിസ്തുവിനെ ലഭിച്ചു, നാം അവനിൽ വിശ്വസിച്ചു. മൂന്ന് തലത്തിൽ അവനെ വിശ്വസിക്കുക. നമ്മെ ഭൗമികമായി സൃഷ്ടിച്ചിരിക്കയാൽ അവനിൽ വിശ്വസിക്കുക. നാം മക്കളായി തീർന്നിരിക്കുന്നു. നമ്മെ ആത്മീക മക്കളാക്കി സൃഷ്ടിച്ചിരിക്കുന്നു. ഇത് രണ്ടാം സൃഷ്ടിയാണ്. അതുകൊണ്ടാണ് ഇത് പുതുജനനം അല്ലെങ്കിൽ വീണ്ടും ജനനം അല്ലെങ്കിൽ ഉയരത്തിൽ നിന്നുള്ള ജനനം എന്ന് പറയുന്നത്. അതാണ് യോഹന്നാൻ 3 ൽ കാണുന്നത്.

അതിനാൽ വിശ്വാസിയുടെ സ്വഭാവം എക്കാലത്തും ദൈവത്തിന്റെ സ്വഭാവം ആയിരിക്കും. അതുകൊണ്ട് യോഹന്നാൻ ഓരോന്നായി പറയുന്നു. ശ്രുശ്രൂഷയുടെ സ്വഭാവത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചമാണ് ക്രിസ്തു. രക്ഷകൻ സ്വയമായി പ്രകാശിക്കുന്നു. ഒരു പാപിയുടെ അവസ്ഥയെ വെളിച്ചത്തു കൊണ്ടുവരുന്നു. വെളിച്ചം ലോകത്തിൽ വന്നത് പാപത്തിൽ മരിച്ച പാപിക്ക് ജീവൻ നല്കുന്ന ദൈവസ്വഭാവത്തെ വെളിപ്പെടുത്തുവാനാണ്.

# ദൈവത്തിന്റെ വിശ്വസ്തതയുടെ മിഷൻ സംഭവ കഥകൾ










**1975**-ൽ കേരളത്തിലെ പത്തനാപുരത്ത് ശ്രീ. തോമസ് ജോണിന്റെയും ശ്രീമതി. അന്നമ്മ തോമസിന്റെയും കുടുംബത്തിൽ നാലാമത്തെ മകനായി ശ്രീ. സന്തോഷ് തോമസ് ജനിച്ചു. അദ്ദേഹത്തിന് വളരെ വെല്ലുവിളി നിറഞ്ഞ ഒരു ബാല്യമായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ കഠിനാധ്വാനികളായ കർഷകരായിരുന്നു, അവരുടെ എല്ലാ കുട്ടികളും കർശനമായി പരിശീലിപ്പിക്കപ്പെടുകയും കഷ്ടപ്പാടുകളിലൂടെ വളർത്തപ്പെടുകയും ചെയ്തു. ഇതൊക്കെയാണെങ്കിലും, അവരുടെ പിതാവ് എല്ലാ ദിവസവും അവരെ ബൈബിൾ വാക്യങ്ങൾ പഠിപ്പിക്കുകയും കുട്ടികൾക്ക് അർത്ഥങ്ങൾ വിശദീകരിക്കുകയും ചെയ്യുമായിരുന്നു. പിതാവ് അച്ചടക്കത്തിൽ കർശനനായിരുന്നെങ്കിലും, ചെറുപ്പക്കാരനായ സന്തോഷ് വഴിപിഴച്ചവനും ഫുട്ബോൾ കളിക്കാൻ വളരെയധികം ഇഷ്ടപ്പെട്ടവനുമായിരുന്നു.

ദൈവം തന്റെ വിശ്വസ്തതയിൽ അദ്ദേഹത്തെ വിളിച്ചു, 17-ാം വയസ്സിൽ, യേശുക്രിസ്തുവിനെ തന്റെ വ്യക്തിപരമായ രക്ഷകനായും കർത്താവായും സ്വീകരിച്ചു. അതേ വർഷം, സ്നാനത്തിലൂടെ അദ്ദേഹം തന്റെ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചു. അന്നുമുതൽ, ബൈബിൾ അദ്ദേഹത്തിന്റെ ആദ്യ പ്രണയമായി മാറി. അദ്ദേഹം രാത്രികളിൽ ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്തു, വളരെ ചെറു പ്പത്തിൽ തന്നെ, ബൈബിൾ കവർ മുതൽ കവർ വരെ 10 തവണയിൽ കൂടുതൽ വായിച്ചു. അദ്ദേഹത്തിന്റെ ആത്മീയ വളർച്ചയെ പരിപോഷിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ പള്ളിയായ കലഞ്ഞൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഒരു പ്രധാന പങ്ക് വഹിച്ചു. 1992-ൽ ശ്രീ സന്തോഷിനെ ശുശ്രൂഷയിലേക്ക് വിളിച്ചു. ദൈവസേവനത്തിനായി സ്വയം സജ്ജമാക്കുന്നതിനായി, 1993-ൽ സെക്കന്തരാബാദിലെ ഭാരത് ബൈബിൾ കോളേജിൽ (ബി.ബി.സി.) ചേർന്നു. പഠനകാലത്ത്, രാജസ്ഥാനിലെ ടോങ്കിൽ കർത്താവിനെ സേവിച്ചുകൊണ്ടിരുന്ന തന്റെ മൂത്ത സഹോദരൻ ബെന്നിയുടെ കുടുംബത്തെ അദ്ദേഹം സന്ദർശിച്ചു. ഈ സന്ദർശനം വടക്കേ ഇന്ത്യയിൽ സേവനമനുഷ്ഠിക്കാനുള്ള ഒരു ഭാരം അദ്ദേഹത്തിൽ ജ്വലിപ്പിച്ചു. കുട്ടികളോടുള്ള അദ്ദേഹത്തിന്റെ പ്രത്യേക താത്പര്യം അദ്ദേഹത്തെ കുട്ടികളുടെ ശുശ്രൂഷയിൽ സജീവമായി ഏർപ്പെടാൻ പ്രേരിപ്പിച്ചു. സെക്കന്തരാബാദിലായിരിക്കുമ്പോൾ, അദ്ദേഹം രണ്ട് സൺഡേ സ്കൂളുകളിൽ ഒന്ന് ബാലനഗറിലും മറ്റൊന്ന് ഹൈദരാബാദിലെ രാമനാഥപൂരിലും, ഏർപ്പെട്ടു. ബി.ബി.സി. യിൽ പഠനം പൂർത്തിയാക്കിയ ശേഷം, അദ്ദേഹം എം.ടി.എച്ച്. നേടി. 1997-ൽ ഹൊസൂരിലെ ഏഷ്യൻ ക്രിസ്ത്യൻ അക്കാദമിയിൽ. ബൈബിൾ പഠിക്കാനുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ദാനിയേലിന്റെയും വെളിപാടിന്റെയും പുസ്തകങ്ങൾ ആഴത്തിൽ പര്യവേക്ഷണം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു, അവയെക്കുറിച്ച് ഒരു വ്യാഖ്യാനം എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. പിന്നീട് അദ്ദേഹം ബാംഗ്ലൂരിലെ ബെഥേൽ അസംബ്ലിയിൽ തന്റെ അധ്യാപകനായ ശ്രീ ജോയ് ജോണിനും സുഹൃത്ത് ശ്രീ ജോജി എബ്രഹാമിനും ഒപ്പം ഈ പുസ്തകങ്ങൾ പഠിപ്പിച്ചു. ഈ സമയത്ത്, വിവിധ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സുഹൃത്തുക്കളെ കാണാൻ അദ്ദേഹം വടക്കേ ഇന്ത്യയിലേക്ക് നിരവധി യാത്രകൾ നടത്തി.

1998-ൽ, മിസ്റ്റർ സന്തോഷ്, സുഹൃത്ത് ശ്രീ കെ.എസ്.മാത്യുവിനൊപ്പം, മിസ്റ്റർ സാം ജി. ജോണും ഭാര്യ ലെനിയും കർത്താവിനെ സേവിക്കുന്ന നേപ്പാൾ സന്ദർശിച്ചു. 1999-ൽ അദ്ദേഹം ജാംതാരയും ബീഹാറും സന്ദർശിച്ചു അവിടെ അദ്ദേഹം ബിബിടിഐയുടെ ശുശ്രൂഷകളെക്കുറിച്ച് പഠിച്ചു. അതേ വർഷം, കൽക്കട്ടയിൽ നടന്ന ആർസിഎം ദേശീയ സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു.

ഉത്തരേന്ത്യയിലേക്കുള്ള അദ്ദേഹത്തിന്റെ ആവർത്തിച്ചുള്ള സന്ദർശനങ്ങൾ അവിടെ സേവനമനുഷ്ഠിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം സജീവമാക്കി. കോഴ്സ് പൂർത്തിയാക്കിയ ശേഷം, അദ്ദേഹം 2000 ഏപ്രിലിൽ ഏഷ്യൻ ക്രിസ്ത്യൻ അക്കാദമിയിൽ നിന്ന് ബിരുദം നേടി, ഇത് Y2K ബാച്ച് എന്ന് നർമ്മത്തിൽ പരാമർശിക്കപ്പെടുന്നു. വടക്കേ ഇന്ത്യയിൽ സേവനമനുഷ്ഠിക്കാനുള്ള തന്റെ പദ്ധതികളെക്കുറിച്ച് അദ്ദേഹം തന്റെ സഭയെ അറിയിച്ചു. അവർ അദ്ദേഹത്തെ ദൈവസേവനത്തിനായി അഭിനന്ദിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആഗ്രഹത്തെ മാനിച്ചു. വടക്കെ ഇന്ത്യയിൽ സേവനമനുഷ്ഠിക്കാനുള്ള തീവ്രമായ അഭിനിവേശത്തോടെ, മിസ്റ്റർ സന്തോഷ് 2000 ജൂണിൽ ജാംതാരയിൽ എത്തി, അദ്ദേഹത്തിന്റെ സുഹൃത്ത് മിസ്റ്റർ എൽദോസും ഒപ്പമുണ്ടായിരുന്നു. തുടക്കത്തിൽ ബംഗാൾ ബൈബിൾ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലും എഡ്വേർഡ്സ് ഇംഗ്ലീഷ് സ്കൂളിലും സേവനമനുഷ്ഠിച്ചിരുന്ന മിസ്റ്റർ എ.ഡി. ഷെനോയിയെ സഹായിക്കാൻ രണ്ട് വർഷം ജാംതാരയിൽ താമസിക്കാൻ അദ്ദേഹം പദ്ധതിയിട്ടു. ഈ രണ്ട് ചെറുപ്പക്കാരും തീഷ്ണതയുള്ള സുവിശേഷകർക്കും മിസ്റ്റർ ഷേണോയ ഒരു പിതാവിനെപ്പോലെയായിരുന്നു.

അക്കാലത്ത്, കുറഞ്ഞ സൗകര്യങ്ങളുള്ള ഒരു ചെറിയ ഗ്രാമമായിരുന്നു ജാംതാര, അവിടെ കുറ്റകൃത്യങ്ങളെക്കിറിച്ചുള്ള വാർത്തകൾ വ്യാപകമായി പ്രചരിച്ചിരുന്നു. 2000 നവംബറിൽ, ഇത് പുതുതായി രൂപീകരിച്ച ജാർഖണ്ഡ് സംസ്ഥാനത്തിന്റെ ഭാഗമായി. കഠിനമായ സാഹചര്യങ്ങൾക്കിടയിലും, മിസ്റ്റർ സന്തോഷിന്റെ കഠിനമായ വളർത്തൽ അദ്ദേഹത്തിന് വെല്ലുവിളികളെ തിളക്കമാർന്ന പുഞ്ചിരിയോടെ നേരിടാൻ പ്രാപ്തമാക്കി. ബംഗാൾ ബൈബിൾ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപനത്തിലും സ്കൂൾ കാര്യങ്ങളിൽ സഹായിച്ചും അദ്ദേഹം സജീവമായി ഇടപെട്ടു.

പത്തനാപുരത്തെ ഒരു ചെറിയ ഗ്രാമത്തിൽ നിന്ന് ആഗോള ശുശ്രൂഷാഘട്ടത്തിലേക്ക്, മിസ്റ്റർ സന്തോഷിന്റെ ജീവിതം ദൈവത്തിന്റെ വിശ്വസ്തതയുടെ സാക്ഷ്യമാണ്. കയ്യിൽ ഒരു ബൈബിൾ മാത്രവുമായി അദ്ദേഹം ജാംതാരയിൽ എത്തി. നിരന്തരമായ വെല്ലുവിളികളും ഉത്തരവാദിത്തങ്ങളും ഉണ്ടായിരുന്നിട്ടും, സുവിശേഷം പങ്കിടാൻ ഇന്ത്യയിലും ലോകമെമ്പാടും സഞ്ചരിച്ച് അദ്ദേഹം സ്ഥിരോത്സാഹത്തോടെ പ്രവർത്തിച്ചു. 2014 ൽ അദ്ദേഹം യുഎഇയും ബഹ്റൈനും സന്ദർശിച്ചു, 2017 ൽ ടെക്സസിലെ ഡാളസിൽ നടന്ന സൗത്ത് വെസ്റ്റ് കോൺഫറൻസിലേ ക്ക് അദ്ദേഹത്തെ ക്ഷണിച്ചു. (തുടർച്ച പേജ് 4....)





(തുടർച്ച പേജ് 3....)

വർഷങ്ങൾ കഴിയുമ്പോൾ, അദ്ദേഹത്തിന്റെ ശുശ്രൂഷ എമ്മാവൂസ് ബൈബിൾ കോളേജ്, മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, ഡാളസ് തിയോളജിക്കൽ സെമിനാരി തുടങ്ങിയ പ്രശസ്ത ബൈബിൾ കോളേജുകളിലേക്കുള്ള സന്ദർശന ങ്ങളിലേക്ക് വികസിച്ചു. അദ്ദേഹത്തിന്റെ സ്വാധീനശക്തിയുള്ള സന്ദേശങ്ങൾ ഒഹായോ കോൺഫറൻസിന്റെ 40-ാം വർഷത്തിലേക്ക് അദ്ദേഹത്തിന് ക്ഷണം നേടിക്കൊടുത്തു.ശ്രദ്ധേയമായി, 2015 ലും 2019 ലും നടന്ന ഇന്റർനാഷണൽ ബ്രദ റൺ കോൺഫറൻസിൽ മിഷനുകളുടെ പ്രാധാന്യത്തെക്കുറിച്ച് 109 രാജ്യ ങ്ങളിൽ നിന്നുള്ള സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഒരു പ്രഭാ ഷകനായിരുന്നു. 2023 ൽ ഫിലാഡൽഫിയയിൽ നടന്ന ഫിബ കോൺ ഫറൻസിൽ അദ്ദേഹം മുഖ്യ പ്രഭാഷണം നടത്തി.

2014 മുതൽ 2018 വരെ എമ്മാവൂസ് ഇന്റർനാഷണൽ-ഇന്ത്യ ചാപ്റ്ററിന്റെ ചെയർമാനായിരുന്നു ശ്രീ. സന്തോഷ്.

ഇന്ത്യയിലെ സ്റ്റ്യൂവാർഡ്സ് അസോസിയേഷന്റെ ദേശീയ അംഗവും ഹഗ്ഗായി ഇന്റർനാഷണൽ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൂർവ്വ വിദ്യാർത്ഥിയുമാണ്. എളിയ തുടക്കങ്ങളിൽ നിന്ന് ആഗോള സ്വാധീനത്തിലേക്കുള്ള അദ്ദേഹത്തിന്റെ യാത്ര ദൈവവിളിയോടുള്ള അനുസരണത്തിന്റെയും അചഞ്ചലമായ വിശ്വാ സത്തിന്റെ ഫലങ്ങളുടെയും ശക്തമായ സാക്ഷ്യമാണ്.

ബൈബിളിനെ അടിസ്ഥാനമാക്കി, മിസ്റ്റർ സന്തോഷ് എണ്ണമറ്റ ജീവിത ങ്ങളെ സ്പർശിച്ചു, സുവിശേഷം പ്രചരിപ്പിച്ചു. മറ്റുള്ളവരെ ക്രിസ്തു വിനുവേണ്ടി ജീവിക്കാൻ പ്രചോദിപ്പിച്ചു.

**2002**

**മിസ്റ്റർ സന്തോഷ് തോമസിന്റെ വിവാഹം:** മിഡിൽ ഈസ്റ്റിലേക്കുള്ള സന്ദർശന വേളയിൽ, ഒമാനിലെ മസ്കറ്റിൽ വെച്ച് അദ്ദേഹം തന്റെ ജീവിത പങ്കാളിയായ റിനു സാറ വർഗീസിനെ കണ്ടെത്തി. 2002 ജനുവരി 7-ന് അവർ വിവാഹിതരായി. തുടർന്ന് ജാംതാരയിൽ ഒരുമിച്ച് കർത്താവിനെ സേവിച്ചു. ദൈവം അവരെ മൂന്ന് കുട്ടികളെ നൽകി അനുഗ്രഹിച്ചു. ഗായസ്, റൂഫസ്, ക്യാരിസ്.

**ആദ്യ സുവിശേഷകൻ ബാല സംഘം (എസ്ബിഎസ്) അധ്യാപക പരിശീലനം ക്യാമ്പ്:** 2002 ഫെബ്രുവരിയിൽ ബിബിടിഐ ക്യമ്പസിൽ ആദ്യത്തെ പരിശീലന ക്യാമ്പ് നടന്നു. ഈ ക്യാമ്പിൽ, ചക്രധർപൂരിലെ ശ്രീ. പി. സാംസണെ ചൈൽഡ് ഇവാഞ്ചലിസം പരിശീലനത്തിൽ ചേരാൻ എസ്ബിഎസ് ടീം പ്രോത്സാഹിപ്പിച്ചു. ഇന്ന്, ഉത്തരേന്ത്യയിലെ എസ്ബിഎസ് ശുശ്രൂഷകളുടെ വികസനത്തിൽ അദ്ദേഹം ഒരു പ്രധാന പങ്ക് വഹിക്കുന്നു.

**ബംഗാൾ കൺവൻഷനുകൾ:** ജാംതാരയിലെ ബംഗാൾ ബൈബിൾ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ബിബിടിഐ) ആണ് ബംഗാൾ കൺവൻഷൻ ആതിഥേയം വഹിച്ചത്.

**2003**

**സിസ്റ്റേഴ്സ് ബൈബിൾ ക്യാമ്പ്:** ബിബിടിഐ ജംതാരയിൽ ആദ്യത്തെ സിസ്റ്റേഴ്സ് ബൈബിൾ ക്യാമ്പ് സംഘടിപ്പിച്ചു.

**ശ്രീ. എ.ഡി. ഷേണായിയുടെ വിയോഗം:** അദ്ദേഹത്തിന് കടുത്ത പ്രമേഹ രോഗിയായിരുന്നു, അദ്ദേഹത്തിന്റെ ആരോഗ്യം ദിനംപ്രതി വഷളായി. 2004-ൽ ശ്രീ. അസിത് ഘോഷിനൊപ്പം അദ്ദേഹം യുഎസ്എയിലേക്ക് യാത്ര ചെയ്തു. ജൂലൈ 20-ന് അദ്ദേഹം ജംതാരയിലേക്ക് മടങ്ങി. 2004 ജൂലൈ 24-ന് ഗുരുതരമായ ഹൃദയാഘാതത്തെത്തുടർന്ന് കർത്താവിനോടൊപ്പം പോയി. ശ്രീ സന്തോഷ് അനു സ്മരിക്കുന്നു. "ഷെനോയ് അങ്കിൾ 1989 മുതൽ 2004 വരെ ജാംതാരയിൽ പ്രവർത്തിച്ചു ഒരു എളിമയുള്ള, സൗമ്യനും സൗമ്യനുമായ വ്യക്തിയായിരുന്നു. നാല് വർഷത്തി ലേറെയായി അദ്ദേഹത്തോടൊപ്പം കർത്താവിനെ സേവിക്കാനും അദ്ദേഹത്തോ ടൊപ്പം ജീവിക്കാനും എനിക്ക് ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാര ദിവ സം, ബിബിടിഐ കാമ്പസിൽ ഒരു വലിയ ജനക്കൂട്ടം ഉണ്ടായിരുന്നു. അതിൽ എല്ലാ ബോർഡ് അംഗങ്ങളും, ബാംഗ്ലൂരിൽ നിന്നുള്ള ശ്രീ കെ.സി. ജേക്കബ്, ശ്രീ ജോൺ കുര്യൻ എന്നിവരും ഉൾപ്പെടുന്നു. ശവസംസ്കാര ചടങ്ങുകൾ, കഴിഞ്ഞയുടനെ എല്ലാ വരും അവരവരുടെ സ്ഥലങ്ങളിലേക്ക് പോയി, പക്ഷേ ശ്രീ ജോൺ കുര്യൻ ഞങ്ങ ളോടൊപ്പം പ്രാർത്ഥിക്കുകയും കർത്താവിൽ ഉറച്ചുനിൽകാനും വേല തുടരാനും ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അതിനുശേഷം, ബിബിടിഐയുടെയും മറ്റ് ഉത്തരവാദിത്തം ഭാരമേറിയ തായിരുന്നു, പക്ഷേ ജംതാരയിലെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ ദൈവം ശ്രീ അവ്ദേശ് കുമാർ താക്കൂറിനെയും ഇന്ത്യയിലെ സ്റ്റ്യൂവാർഡ്സ് അസോസി യേഷന്റെ അന്നത്തെ ജനറൽ സെക്രട്ടറി പരേതനായ ശ്രീ തോമസ് രാജനെയും നിയോഗിച്ചു. അവർ ഞങ്ങളോടൊപ്പം നിരുപാധികമായി പ്രവർത്തിച്ചു.

**ശ്രീ. സാമുവൽ കുര്യന്റെ തിരിച്ചുവരവ്:** 2004 ഓഗസ്റ്റിൽ, ശ്രീ. സാമുവൽ കുര്യനും ഭാര്യ അന്നമ്മ കുര്യനും അസൻസോളിൽ കർത്താവിനെ സേവിക്കാൻ മടങ്ങി.

**പങ്കാളികളുടെ വസതി:** 2004 നും 2024 നും ഇടയിൽ ഒമ്പത് ദൈവദാസന്മാർക്ക് വീടുകൾ നിർമ്മിക്കാൻ ശ്രീ. സന്തോഷ് തോമസ് മുൻകൈയെടുത്തു.

**2005**

**ഒരു സഹായഹസ്തം:** മിസ്റ്റർ തോമസ് മാത്യുവും ഭാര്യ ശ്രീമതി തബിതയും വിവിധ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി എഡ്വേർഡ്സ് ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു.

**2008**

**നേതൃത്വ പരിശീലനം:** ശ്രീ സന്തോഷ് സിംഗപ്പൂരിൽ ഹഗ്ഗായി ഇന്റർനാഷണൽ ലീഡർഷിപ്പ് പരിശീലനത്തിൽ പങ്കെടുത്തു. അത് അദ്ദേഹത്തിന്റെ നേതൃത്വപര മായ കഴിവുകൾ രൂപപ്പെടുത്താനും മെച്ചപ്പെടുത്താനും സഹായിച്ചു.

**ഭൂമി സുരക്ഷിതമാക്കൽ:** ശ്രീ. എഡ്വേർഡ്

കൊർണേലിയസ് ഏറ്റെടുത്ത ജാംതാര മിഷൻ കാമ്പസിന്റെ സ്വത്ത് സുര ക്ഷിതമാക്കാൻ ശ്രീ. സന്തോഷും സംഘവും ശ്രമങ്ങൾ ആരംഭിച്ചു.

**മതിലുകൾ**

മെൻഡിങ് വാൾ എന്ന കവിതയിൽ കവി റോബർട്ട് ഫ്രോസ്റ്റ് പറയുന്നു. "നല്ല വേലികൾ നല്ല അയൽക്കാരെ ഉണ്ടാക്കുന്നു. വ്യക്തമായ അതിരുകളും പര സ്പരം സ്ഥലത്തോടുള്ള ബഹുമാനവും ആളുകൾക്കിടയിൽ മികച്ച ബന്ധങ്ങൾക്ക് കാരണമാകുമെന്ന് ഈ വാചകം സൂചിപ്പിക്കുന്നു. വേലികെട്ടാത്ത സ്വത്തുക്കൾ കാരണം, ജംതാര മിഷൻ കാമ്പസ് ചുറ്റും താമസിക്കുന്ന ആളുകളിൽ നിന്ന് നിര വധി വെല്ലുവിളികൾ നേരിട്ടു.

"മിസ് ഗ്രേസ് ഇ. ജോർജിന്റെ കാലത്ത്, അവർ 8 ഏക്കർ ഭൂമി വളരെ കുറഞ്ഞ വിലയ്ക്ക് കുറച്ച് വിശ്വാസികൾക്ക് വിറ്റു, അത് ഒരിക്കലും ആർക്കും വിൽക്ക രുതെന്ന് ഒരു കരാറിൽ ഏർപ്പെട്ടു. ദീർഘകാലമായി നിലനിൽക്കുന്ന ഈ പ്രശ്ന ങ്ങൾ പ്രദേശത്തെ മറ്റ് ക്രിസ്ത്യാനികളെ പ്രകോപിപ്പിച്ചു, സമൂഹത്തിലും സഭ യിലും അസ്വസ്ഥത സൃഷ്ടിച്ചു, ക്രിസ്ത്യൻ സാക്ഷ്യപ്പെടുത്തലിനെ തടസ്സപ്പെടു ത്തി. കേസുകൾ ഫയൽ ചെയ്തു, പ്രശ്നങ്ങൾ വളർന്നു."

മിസ് ജോർജ് ഇംഗ്ലണ്ടിലേക്ക് പോയതിനു തൊട്ടുപിന്നാലെ, ശ്രീ. ഷേണായി സ്വത്തിന്റെ ചുമതല ഏറ്റെടുത്തു. കോടതിയിലെ എല്ലാ കേസുകളും അദ്ദേഹത്തി നെതിരെ ഫയൽ ചെയ്തു. പിന്നീട്, ഉത്തരവാദിത്തം ശ്രീ. സന്തോഷ് തോമസിലേക്ക് മാറി. ഈ കോടതി കേസുകൾ ക്ഷീണിപ്പിക്കുന്നതും അപമാനകരവുമായിരുന്നു. പ്രധാന കാമ്പസ് ഒഴികെ, മറ്റെല്ലാ സ്വത്തുക്കളും ഒഴിഞ്ഞുകിടക്കുകയും സാമൂഹിക വിരുദ്ധർ ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യാൻ ദുരുപയോഗം ചെയ്യുകയും ചെയ്തു. ദേശം സംരക്ഷിക്കാൻ, ഈ സഹോദരന്മാർ അക്ഷീണം പ്രവർത്തിക്കുകയും ജന ങ്ങളിൽ നിന്ന് വലിയ അപമാനം നേരിടുകയും ചെയ്തു. 2009-ൽ ശ്രീ. സന്തോഷ് തോമസും സംഘവും ഈ പഴക്കമുള്ള പ്രശ്നം പരിഹരിക്കാൻ എല്ലാ സ്വത്തു ക്കൾക്കും ചുറ്റും മതിലുകൾ നിർമ്മിക്കാൻ തീരുമാനിച്ചു. പ്രതികൂല സാഹചര്യങ്ങ ളിൽ, ശ്രീ. സന്തോഷിനെതിരെ ഭീഷണികളും ശാരീരിക ആക്രമണങ്ങളും പോലും നേരിട്ടുകൊണ്ട് അവർ നിർമ്മാണം ആരംഭിച്ചു. ഈ വെല്ലുവിളികൾക്കിടയിലും, കർത്താവിൽ ആശ്രയിച്ചുകൊണ്ട് അവർ തങ്ങളുടെ ജോലി തുടർന്നു. ശ്രീ. സന്തോഷും സംഘവും നെഹെമിയയെയും ഇസ്രായേൽ മക്കളെയും, ജറുസലേ മിന്റെ മതിലുകളെ അനുസ്മരിപ്പിക്കുന്നതരത്തിൽ മതിലുകൾ ഉയർന്നു. ഒടുവിൽ, ദൈവം അവരുടെ കൈകളെ ശക്തിപ്പെടുത്തുകയും അവർക്ക് വിജയം നൽകുകയും ചെയ്തു. എല്ലാ കോടതി കേസുകളും ഒത്തുതീർപ്പായി, വിധി ജംതാര മിഷൻ കാമ്പ സിന് അനുകൂലമായിരുന്നു.

**2010**

**സിസ്റ്റേഴ്സ് ബൈബിൾ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (എസ്ബിടിസി):** സഹോദരി മാർക്കായി ഒരു ബൈബിൾ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിനുള്ള അടി ത്തറ പാകി. നിർമ്മാണ വേളയിൽ സഹായിക്കാൻ ശ്രീ. പോൾ വർഗീസ്, ശ്രീ. ജോൺ ദാസ്, ശ്രീ. ശോഭോദീപ് എന്നിവർ കൈകോർത്തു.

**ബംഗാൾ, ബീഹാർ, ജാർഖണ്ഡ് മീറ്റ് (ബിബിജെ മീറ്റ്):** ബംഗാൾ, ബീഹാർ, ജാ ർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ള സുവിശേഷകർ ദൈവവചനം പഠിക്കാനും പ രസ്പര കൂട്ടായ്മയിലൂടെ പുതുക്കപ്പെടാനും ഒത്തുചേരുന്ന ഒരു അത്ഭുതകരമായ കൂട്ടായ്മയാണ് ബിബിജെ മീറ്റ്. 2010 മുതൽ, പകർച്ചവ്യാധിയുടെ വർഷങ്ങൾ ഒഴി കെ, ബിബിടിഐ ഈ പരിപാടി വിശ്വസ്തതയോടെ ആതിഥേയത്വം വഹിക്കുന്നു.

# പ്രത്യാശ തീരത്ത്

## സിസ്റ്റർ കെസിയ ഓമന ചാന്തപിള്ള



**മണാർക്കാട്:** കോട്ടയം ടൗൺ ബ്രദറൺ അസംബ്ലി അംഗം ഇവാ. ചാന്തപ്പിള്ള ഫിലിപ്പിന്റെ മകൾ സിസ്റ്റർ കെസിയ ഓമന ചാന്തപ്പിള്ള (38) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

## സിസ്റ്റർ അമ്മിണി ജോർജ്



**ഒക്ലഹോമ:** പൂവത്തൂരിലെ റെഹോബോത്ത് ബ്രദറൺ അസംബ്ലി അംഗമായ പരേതയായ ഏബ്രഹാം ജോർജിന്റെ ഭാര്യ സിസ്റ്റർ അ മ്മിണി ജോർജ് (90) ഏപ്രിൽ 3 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 9 ന് ഷാരോൺ ഫെലോഷിപ്പ് ചർച്ചിൽ നടത്തി.

**മക്കൾ:** സിസ്റ്റർ രാജം എബ്രഹാം & ബ്രദർ പരേതനായ ഏബ്രഹാം ഫിലിപ്പ്, ബ്രദർ ആബി ജോർജ്, സിസ്റ്റർ ജെസ്സി മാത്യു & ബ്രദർ ജോൺ മാത്യു, ബ്രദർ ജോയ്സ് വറുഗീസ് & എബ്രഹാം വറുഗീസ്, സിസ്റ്റർ കെന്നി ജോർജ് & സിസ്റ്റർ മെഴ്സി ജോർജ് & എബ്രഹാം വറുഗീസ്.

## സിസ്റ്റർ തങ്കമ്മ കെ. ജെ



**മല്ലപ്പള്ളി:** കുംഭംകുളം ബ്രദറൺ സഭ അംഗം സിസ്റ്റർ തങ്കമ്മ കെ. ജെ. ഏപ്രിൽ 9 ന് (75) കർതൃസന്നിധിയിൽ ചേർക്കരപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ 11 ന് കുംഭംകുളം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

## ബ്രദർ എം. എ ജോസ്



**തൃശ്ശൂർ:** ക്രിസ്ത്യൻ ബ്രദറൺ പള്ളിയിലെ ഈസ്റ്റ് ഫോർട്ട് അംഗം ബ്രദർ എം. എ. ജോസ് (81) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 2 ന് പറവട്ടാനിലെ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.

## ബ്രദർ ടി.എം.സാംകുട്ടി



**എരുമേലി:** എരുമേലിയിലെ പൊര്യൻമല ബ്രദറൺ അസംബ്ലി അംഗം ബ്രദർ ടി.എം. സാംകുട്ടി (50) ഏപ്രി ൽ 6 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 8 ന് എരുമേലി പൊര്യൻമല അസംബ്ലിയുടെ സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** സിസ്റ്റർ അന്നമ്മ ജോൺ

**മക്കൾ:** സിസ്റ്റർ അബിയ, സിസ്റ്റർ അക്സ.


## ബ്രദർ ചെല്ലപ്പൻ



**മന്നമംഗലം:** മന്നമംഗലം ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം ബ്രദർ ചെല്ലപ്പൻ (82) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 14 ന് മന്നമംഗലം പള്ളിക്കുന്ന് സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** പരേതയായ സിസ്റ്റർ കുഞ്ഞമ്മ ചെല്ലപ്പൻ.

**മക്കൾ:** ഇവാ. റെജി പി.സി., ബ്രദർ ഷാജി പി.സി., സിസ്റ്റർ ലിസ്സി രാജൻ, സിസ്റ്റർ മേരിക്കുട്ടി, സിസ്റ്റർ മിനി, ബ്രദർ രാജൻ.




## ബ്രദർ പി. എം. ജോർജ്കുട്ടി




**ബാഗ്ലൂർ:**കെയ്റോസ് ബൈബിൾ ചാപ്പൽ അംഗവും ബാംഗ്ലൂർ സെക്രട്ടറി, കെ എസ്. എസ് എസ്, ബാംഗ്ലൂർ, കർണാടക, ഡോ. ജെറി ജോർജ് മാത്യുവിന്റെ പിതാവ് ബ്രദർ പി. എം. ജോർജ്കുട്ടി (84) കർത്ത്യ സന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ബാംഗ്ലൂരിലെ ഹൊസൂർ റോഡ് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:**പരേതയായ ഗ്രേസ് ജോർജ്.

**മക്കൾ:** ബ്രദർ ജെറി & സിസ്റ്റർ ബ്ലെസി, സിസ്റ്റർ ജെസ്സി & ബ്രദർ ജോഷ്വ.

## സിസ്റ്റർ കുഞ്ഞമ്മ തോമസ്



**പത്തനംതിട്ട** ബ്രദർ പരേതനായ സാമുവൽ തോമസിന്റെ ഭാര്യ സിസ്റ്റർ കുഞ്ഞമ്മ തോമസ് (91) ഏപ്രിൽ 6 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 8 ന് ചാർകോപ്പ് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

**മക്കൾ:** ബ്രദർ ജോസ് & സിസ്റ്റർ സോസമ്മ, ബ്രദർ എജി. നെൽസൺ തോമസ് & സിസ്റ്റർ സിസിലി, സിസ്റ്റർ വൽസമ്മ & ബ്രദർ റെജു, ബ്രദർ ജേക്കബ് & സിസ്റ്റർ സുമം, ബ്രദർ ജോയ്സ് & സിസ്റ്റർ റെജി.

## സിസ്റ്റർ കമലം ജെ



**അമ്മനൂർക്കോണം :** അമ്മനൂർക്കോണം ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ കമലം ജെ (86) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 18 ന് സ്വവസതിയിൽ നടത്തി.

**മക്കൾ:** ബ്രദർ കെ. പ്രഭാകരൻ.

## സിസ്റ്റർ അന്നമ്മ ജോർജ്



**ചെങ്ങന്നൂർ :** അങ്ങാടിക്കൽ സൗത്ത് ബ്രദറൺ സഭാംഗം സിസ്റ്റർ അന്നമ്മ ജോർജ്ജ് (95) ഏപ്രിൽ 10 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**മക്കൾ:** ബ്രദർ ജോർജ് വർ ഗീസ് & സിസ്റ്റർ കുഞ്ഞുകുഞ്ഞമ്മ വർഗീസ്, ബ്രദർ പോൾ പി. ജോർജ് & സിസ്റ്റർ ഉഷാ പോൾ, ബ്രദർ അലക്സ് പി ജോർജ്ജ് & സിസ്റ്റർ സൂസി അലക്സ്.

## ബ്രദർ ഡി ബേബി



**വാപ്പാല:** മുല്ലേലി കടയിൽ വാപ്പാല ബ്രദർ ഡി. ബേബി (84) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 16 ന് ഓടനാവട്ടം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

## ബ്രദർ സി. പി. കുഞ്ഞുകുട്ടി



**വെച്ചൂച്ചിറ:** അച്ചാടിപ്പാറ ബ്രദറൺ അസംബ്ലി അംഗം ബ്രദർ സി. പി. കുഞ്ഞുകുട്ടി (58) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസം സ്കാര ശുശ്രൂഷ ഏപ്രിൽ 4 ന് അച്ചാടിപ്പാറ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ എൽസി ലാസർ



**പെരുമ്പാവൂർ:** മീമ്പാറ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ എൽസി ലാസർ (83) ഏപ്രിൽ 9 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 9 ന് മീമ്പാറയിലെ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ ഷാരോൺ സാമുവൽ



**കുവൈറ്റ്:** ബ്രദറൺ ബിലീവേഴ്സ് അസംബ്ലി അംഗം സിസ്റ്റർ ഷാരോൺ സാമുവൽ (16) ഹൃദയാഘാതത്തെ തുടുർന്ന് ഏപ്രിൽ 15 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**മാതാവ്:** സിസ്റ്റർ ആശ ജിജി.

**പിതാവ്:** ജിജി സാമുവൽ

**സഹോദരി:** ആഷി സാമുവൽ

## സിസ്റ്റർ പി. വി. റോസമ്മ



**തെലങ്കാന:** കേരളത്തിലെ റാന്നിയിലെ പൊറ്റക്കുളത്തു ഹൗസിൽ പരേതയായ ജോൺ ഫിലിപ്പിന്റെ ഭാര്യ സെക്കന്തരാബാദ് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ പി. വി. റോസമ്മ (85) കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 4 ന് സെക്കന്തരാബാദിലെ സൈനിക്പുരിയിലുള്ള മൗണ്ട് ഓഫ് ഒലിവ് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

**മക്കൾ:** ബ്രദർ ഐസക് ജോൺ, സിസ്റ്റർ ഷെർലി ജോൺ സൺ, സിസ്റ്റർ ജൂലി ഐസക്, ബ്രദർ ജോൺസൺ ഫിൽബർട്ട്.

## ബ്രദർ കെ. ടി. വർക്കി



**പത്തനംതിട്ട:** ചിറ്റാർ ബ്രദറൺ ചർച്ച് അംഗം ബ്രദർ കെ.ടി. വർക്കി (74) ഏപ്രിൽ 6 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 9 ന് ചിറ്റാർ ബ്രദറൺ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** സിസ്റ്റർ ഗ്രേസി വർക്കി.

**മക്കൾ:** ബ്രദർ കെ. വി. & സിസ്റ്റർ ബിജി, ബ്രദർ സാമുവൽ കെ. വി. & സിസ്റ്റർ ഷൈല.



# പ്രാർത്ഥന – സഹായം

## പ്രാർത്ഥനാ അഭ്യർത്ഥന

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് ബ്രദറൺ സഭാപ്രവർത്തനം ആരംഭിച്ചിട്ട് 100 വർഷങ്ങൾ പിന്നിടുന്നു. ദൈവത്തിന്റെ അളവറ്റ കൃപയാൽ സുവിശേഷത്തിന്റെ വ്യാപ്തിക്കായി വിവിധങ്ങളായ പ്രവർത്തനങ്ങൾ തിരുവനന്തപുരത്തിന്റെ പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും നന്ദിയോടെ ഓർക്കുന്നു. ഈ അവസരത്തിൽ സ്ഥലം സഭകളുടെ ആത്മീക ഉന്നമനവും പരസ്പരം സ്നേഹവും ഐക്യവും വർദ്ധിക്കുന്നതിനും സത്യ സുവിശേഷത്തിന്റെ യഥാർത്ഥ പ്രചാരകരായ് നിൽക്കേണ്ടതും ആവശ്യമാണ് എന്നത് ബോധ്യമായതിനാലും തിരുവനന്തപുരത്തെ പ്രാദേശിക ബ്രദറൺ സഭകൾ ചേർന്ന് ഒരു സുവിശേഷ മഹായോഗം നടത്തുവാൻ വിവിധ സ്ഥലം സഭകളിലെ പ്രതിനിധികൾ ചേർന്ന് പ്രാർത്ഥനയോടെ തീരുമാനിച്ച് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

ട്രിവാൻഡ്രം ഗോസ്പൽ മീറ്റ് 2025 എന്ന യോഗം ക്രിസ്ത്യൻ കോളേജ് കാട്ടാക്കട മൈതാനത്തിൽ വെച്ച് വൈകിട്ട് 6.00 മണി മുതൽ 9.00 മണി വരെയാണ് നടത്തപ്പെടുന്നത്. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, സുവി. റ്റി പി കനകരാജ് തിരുവനന്തപുരം, സുവി. സണ്ണി തോമസ് തിരുവനന്തപുരം, സുവി. ബിജു കെ ആലടി എന്നിവരാണ് പ്രസംഗകർ. ട്രിവാൻഡ്രം ബ്രദറൺ ക്വയർ ഗാനശുശ്രൂഷയും നിർവ്വഹിക്കും. കൂടാതെ മെയ് 1 വ്യാഴം തിരുവല്ല മെഡിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മദ്യം മയക്കുമരുന്ന് കുടുംബ തകർച്ച ഇവയ്ക്ക് എതിരെയുള്ള സൗജന്യ കൗൺസിലിങ്ങും ഉണ്ടായിരിക്കും. മെയ് 3 ശനിയാഴ്ച മിഷണറി കോൺഫറൻസ്സും ഉണ്ടായിരിക്കും. കൺവൻഷൻ ദിവസങ്ങളിൽ മാഗസീനുമായി ബന്ധപ്പെട്ട സ്റ്റാൾ മാസവരി സ്വീകരണം, സബ്സ്ക്രിപ്ഷൻ പുതുക്കൽ/ ചേർക്കൽ) ഇടുവാൻ താല്പര്യമുണ്ടെങ്കിൽ ദയവായി പ്രോഗ്രാം കോ ഓർഡിനേറ്റർ സുവി. ഗോഡ്സൺ പി എസിനെ ഫോണിനിൽ ബന്ധപ്പെടുക – 9447101507. ദൈവകൃപ്യാൽ ട്രിവാൻഡ്രം ഗോസ്പൽ മീറ്റിന്റെ സുവിശേഷ മഹായോഗം എല്ലാവരുടെയും പ്രാർത്ഥനയോടെ സഹകരണത്തോടെയും നടത്തപ്പെടണമെന്ന് അഭ്യർത്ഥിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.



SATHYAM PUBLICATIONS
WE CARE FOR THE BODY & THE SOUL
ESTD: 1988

SATHYAM PUBLICATIONS

"Your one-stop destination to indulge in the joy of purchasing your Christian favorite books!"

- COMMENTARIES
- THEOLOGICAL BOOKS
- FAMILY & MARRIAGE BOOKS
- STUDY BIBLES
- TEACHING & DISCIPLESHIP
- MISSIONS
- DEVOTIONAL BOOKS
- FICTION STORY BOOKS
- CHILDREN'S BOOKS

VISIT NOW
THOTTABHAGOM P.O.
THIRUVALLA, KERALA

MORE INFO
9447126182,9446513555
www.sathyam.org

## സിസ്റ്റർ അന്നമ്മ സണ്ണിക്കുവേണ്ടി പ്രാർത്ഥിക്കുക.

**ആലപ്പുഴ :** പള്ളിപ്പാട് ബ്രദറൺ ചർച്ച് അംഗം സിസ്റ്റർ അന്നമ്മ സണ്ണിക്കുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്റർ അന്നമ്മക്ക് സ്തനാർബുദം ബാധിച്ച് നെഞ്ചിന്റെ ഭാഗത്തു പടർന്നു. തിരുവനന്തപുരം ആർ. സി.സിയിലേക്ക് കൊണ്ടുപോയി. പ്രായാധിക്യവും ശാരീരിക ബലഹീനതയും കാരണം ആലപ്പുഴയിലെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിക്കാൻ ഡോക്ടർമാർ നിർദ്ദേശിച്ചു. അവർക്ക് 8 കീമോതെറാപ്പി കോഴ്സുകൾ എടുക്കേണ്ടതുണ്ട്. ഏപ്രിൽ 11 ന് ആദ്യത്തെ കീമോതെറാപ്പി കോഴ്സ് എടുക്കുകയും അത് വിജയകരമായി പൂർത്തിയാവുകയും ചെയ്തു. അവർ മറ്റ് 7 കീമോതെറാപ്പി കോഴ്സുകൾ ചെയ്യാനുണ്ട്. ഇത് കൂടാതെ വർഷങ്ങളായി അപസ്മാരത്തിന് മരുന്നും കഴിക്കുന്നുമുണ്ട്. സിസ്റ്റർ അന്നമ്മയ്ക്ക് മറ്റ് 7 കീമോതെറാപ്പി വിജയകരമായി വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ ഏവരും പ്രാർത്ഥിക്കുക.

## ബ്രദർ ജോൺസ് ചെറിയാൻ, മധുരൈ

**മധുരൈ:** ബ്രദർ ജോൺസ് ചെറിയാനുവേണ്ടി പ്രാർത്ഥിക്കുക. മുധരൈയിലെ അപ്പോളോ ആശുപത്രിയിൽ ഇവാ. ജോൺസ് ചെറിയാനെ കുറഞ്ഞ രക്തസമ്മർദ്ദം, സെപ്സിസ് (അണുബാധ), ശാരീരിക ബലഹീനത എന്നിവ കാരണം ഐസിയുവിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ വൃക്കയിൽ സ്റ്റെന്റ് സ്ഥാപിക്കുന്നതിനുള്ള ശസ്ത്രക്രിയ നടത്തി. രണ്ട് സ്റ്റെന്റ് സ്ഥാപിച്ചു. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ ഏവരും പ്രാർത്ഥിക്കുക.

## ശസ്ത്രക്രിയക്കായി പ്രാർത്ഥിക്കുക

**വയനാട്:** ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ നടവയൽ ബ്രദർ ബേബിക്കുവേണ്ടി പ്രാർത്ഥിക്കുക. ഹൃദയാഘാതത്തെ തുടർന്ന് കൽപ്പറ്റയിലെ ലിയോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിരവധി ബ്ലോക്കുകൾ ഉള്ളതിനാൽ ഡോക്ടർമാർ ആൻജിയോപ്ലാസ്റ്റി ചേയ്യണമെന്ന് നിർദ്ദേശിച്ചു. വിജയകരമായ ശസ്ത്രക്രിയ്യക്കും വേഗത്തിലുള്ള രോഗശാന്തിക്കും വേണ്ടി പ്രാർത്ഥിക്കുക. ശസ്ത്രക്രിയ പൂർത്തിയാകുന്നതിന് 1.5 ലക്ഷം രൂപ ഉടൻ ആശുപത്രിയിൽ നൽകണം. ഈ തുക നൽകാൻ അദ്ദേഹത്തിന് സാമ്പത്തിക ശേഷിയില്ല. ഈ അടിയന്തര ചികത്സയ്ക്കായി വിശ്വാസികളോടും അസംബ്ലികളോടും സഹായിക്കാൻ അഭ്യർത്ഥിക്കുന്നു. വിശദാംശങ്ങൾക്ക് ദയവായി സിസ്റ്റർ ലിസി ബേബിയെ ബ്രദർ ബേബിയുടെ ഭാര്യ ബന്ധപ്പെടുക: +919947816532, ഇവാ. വി. എം. പൗലോസ്: +919526453826.

## സിസ്റ്റർ നാൻസി ഗോഡ്ലിക്കുവേണ്ടി പ്രാർത്ഥിക്കുക

**മാവേലിക്കര:** മാവേലിക്കരയിലെ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗവും എറണാകുളം തെങ്ങോട് ബ്രദറൺ അസംബ്ലി അംഗമായ സിസ്റ്റർ നാൻസി ഗോഡ്ലിക്കുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്റർ നാൻസി പ്രസവശേഷം ആശുപത്രിയിൽ ഡിസ്ചാർജ് ചെയ്യപ്പെട്ടു. ഏപ്രിൽ 14 ന് കടുത്ത തലവേദനയും ശാരീരിക അസ്വസ്ഥതയും അനുഭവപ്പെട്ടതിനാൽ എറണാകുളത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും സ്കാൻ ചെയ്യുകയും അതിൽ തലച്ചോറിൽ രക്തസ്രാവമുണ്ടെന്ന് ഡോക്ടർമാർ കണ്ടെത്തുകയും ചെയ്തു. ഇപ്പോൾ അവരെ എറണാകുളത്തെ ലിസി ആശുപത്രിയിലെ ന്യൂറോ ഐസിയുവിൽ പ്രവേശിപ്പിച്ചു. ആറു മണിക്കൂറിനുശേഷം ഡോക്ടർമാർ വീണ്ടും സിടി സ്കാൻ നടത്തി. അതിൽ രക്തസ്രാവത്തിൽ നേരിയ വർദ്ധനവുണ്ട്. എംആർഎ സ്കാൻ നടത്താൻ ഡോക്ടർമാർ അറിയിച്ചു. സിസ്റ്റർ നാൻസിക്കുവേണ്ടി വേഗത്തിലും പൂർണ്ണവുമായ രോഗശാന്തിക്കായി ഏവരും പ്രാർത്ഥിക്കുക.

## അപകടം, സൗഖ്യത്തിനായി പ്രാർത്ഥിക്കുക

**മാവേലിക്കര:** സിസ്റ്റർ സുബി സാമുവലിനു വേണ്ടി പ്രാർത്ഥിക്കുക. ഏപ്രിൽ 15 ന് ഒരു സ്കൂട്ടർ അപകടത്തിൽപ്പെട്ടു. മകനോടൊപ്പം സ്കൂട്ടറിൽ പോകുമ്പോൾ ഒരു ഓട്ടോറിക്ഷ അവരുടെ സ്കൂട്ടറിൽ ഇടിച്ചു. തലച്ചോറിൽ രക്തസ്രാവമുണ്ടായി തലയ്ക്ക് പരിക്കേറ്റ അവർ ഇപ്പോൾ പരുമല ആശുപത്രിയിലെ ഐസിയുവിൽ അബോധാവസ്ഥയിലാണ്. ഈ കുടുംബത്തിനു വേണ്ടി പൂർണ്ണമായും സുഖം പ്രാപിക്കാൻ ഏവരും പ്രാർത്ഥിക്കുക.

## യോഗം കഴിഞ്ഞുമടങ്ങുമ്പോൾ വാഹനാപകടം, പ്രാർത്ഥിക്കുക

**ബാംഗ്ലൂർ:** ബ്രദർ കിഷോറിനു വേണ്ടി പ്രാർത്ഥിക്കുക. ഏപ്രിൽ 13 ന് കേരളത്തിലെ ഇടുക്കിയിലെ മാങ്കുളത്ത് ഒരു വി. ബി. എസ് ശുശ്രൂഷയിൽ പങ്കെടുത്ത് ബാംഗ്ലൂരിലേക്ക് മടങ്ങുമ്പോൾ ബ്രദർ കിഷോരിന്റെ കുടുംബം ഉണ്ടായിരുന്ന കാർ നിയന്ത്രണം നഷ്ടപ്പെട്ട് ഏകദേശം 60 അടി ആഴമുള്ള ഒരു കൊക്കയിലേക്ക് വീണു. മിനിറ്റുകൾക്ക് ശേഷം കാർ പൂർണ്ണമായും കത്തിനശിച്ചു. ദൈവകൃപയാൽ, ബ്രദർ കിഷോറും ഭാര്യ നിത്യയും രണ്ട് ആൺമക്കളും അത്ഭുതകരമായി രക്ഷപ്പെട്ടു. ആവർക്ക് ആഴത്തിലുള്ള മുറിവ് കാരണം ബ്രദർ കിഷോറിന്റെ ഇടതുകാലിൽ എട്ട് തുന്നലുകൾ ഉണ്ട്. സിസ്റ്റർ നിത്യയ്ക്ക് നെഞ്ചിലും തോളിലും തലയിലും കഴുത്തിലും വേദന അനുഭവപ്പെടുന്നുണ്ട്. മൂത്ത മകൻ ജോ ഷയുടെ ഇടതു കാലിൽ രണ്ട് ഒടിവുകൾ ഉണ്ട്. ശസ്ത്രക്രിയ ആവശ്യമാണ്. ഇളയ മകൻ ജോയൽ ഇടതു കാലിൽ രോമവളർച്ചയും പുറകിൽ രണ്ട് തുന്നലുകളുമുണ്ട്. സിസ്റ്റർ നിത്യയ്ക്കും ജോഷയ്ക്കും ഈ സമയത്ത് കാര്യമായ വൈദ്യസഹായം ആവശ്യമാണ്. ഈ കുടുംബത്തിന് പൂർണ്ണവും വേഗത്തിലുമായ രോഗശാന്തിക്കായി ദയവായി ഏവരും പ്രാർത്ഥിക്കുക.

## സുവിശേഷ മഹായോഗം പുതുപ്പാടി

**പുതുപ്പാടി**: 2025 മെയ് 8 വ്യാഴം മുതൽ 10 ശനി വരെ പുതുപ്പാടി ബ്രദറൺ കൺവൻഷൻ പുതുപ്പാടി ബ്രദറൺ സഭാഹാൾ അങ്കണത്തിൽ വെച്ച് നടത്തപ്പെടും. വൈകുന്നേരം 6.30 മുതൽ 9 മണി വരെയാണ് കൺവൻഷൻ നടത്തപ്പെടുന്നുത്. ബ്രദർ പി. സി. വർഗ്ഗീസ് എറണാകുളം, ബ്രദർ ബോബി തോമസ് മുക്കൂട്ടുത്തറ എന്നിവരാണ് പ്രസംഗകർ. കൂടാതെ ശുശ്രൂഷയ്ക്ക് മറ്റ് ദൈവദാസന്മാരും ഉണ്ടായിരിക്കുന്നതാണ്. ദൈവവചനകേൾവിക്കായി ജാതിമതഭേദമന്യേ ഏവരേയും കർത്തൃനാമത്തിൽ ക്ഷണിക്കുന്നു. ബെഥേൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

## സുവിശേഷ ക്യാമ്പ് മച്ചിപ്ലാവ്

**മച്ചിപ്ലാവ്:** മച്ചിപ്ലാവ് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 9, 10, 11 (ബുധൻ, വ്യാഴം, വെള്ളി) എന്നീ ദിവസങ്ങളിൽ സുവിശേഷ ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിൽ പ്രവർത്തനങ്ങൾ, ബൈബിൾ ക്ലാസ്സ്, രാത്രി യോഗങ്ങൾ, ഗാനശുശ്രൂഷ, പരസ്യയോഗങ്ങൾ, ഭവന സന്ദർശനം എന്നിവയുണ്ടായിരുന്നു. ബ്രദർ എം. വി. ബാബു കല്ലിശ്ശേരി, ബ്രദർ കെ. എം. ബേബി വാളറ, ബ്രദർ രാജൻ തോമസ് അടൂർ, ബ്രദർ ജെയ്മോൻ കഞ്ഞിക്കുഴി, ബ്രദർ കെ. പി. ജോർജ്ജ് രാജകുമാരി, ബ്രദർ കെ. എം. വറുഗീസ് കഞ്ഞിക്കുഴി, ബ്രദർ ആന്റണി ഫിലിപ്പ് തങ്കമണി, ബ്രദർ ഷാജി ഭാസ്കർ രാജാക്കാട്, ബ്രദർ കെ. എസ്. ഗോപാലകൃഷ്ണൻ വാഗമൺ, ബ്രദർ ജോസ് തോമസ് എറണാകുളം, ബ്രദർ ഷിജോ സെബാസ്റ്റ്യൻ ഉപ്പുതറ എന്നിവരാണ് പ്രസംഗകർ.

## മണർകാട് കൺവൻഷൻ

**മണർകാട്:** മണർകാട് ബ്രദറൺ സഭകളുടെ ആഭിമുഖ്യത്തിൽ മണർകാട് കൺവൻഷൻ 2025 ഏപ്രിൽ 4 വെള്ളി മുതൽ 6 ഞായർ വരെ വൈകുന്നേരം 6 മണി മുതൽ 9 വരെ വിജയപുരം സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വെച്ച് കൺവൻഷൻ നടത്തപ്പെട്ടു. സുവിശേഷകന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, ജോൺ ജോസഫ് കോട്ടയം, മനു മാത്യു ജോൺ മണർകാട് എന്നിവർ പ്രസംഗിച്ചു. ബ്രദർ ജെയിംസ് ജോണും, സിസ്റ്റർ ആഷ്‌ലി മാത്യുവും സംഗീത ശുശ്രൂഷ നിർവ്വഹിച്ചു.

## ബൈബിൾ ക്ലാസ്സുകൾ പുതുപ്പള്ളി

**പുതുപ്പള്ളി:** 2025 ഏപ്രിൽ 14, 21 തീയതികളിൽ രാവിലെ 6.30 മുതൽ വൈകിട്ട് 7.30 വരെ ബൈബിൾ ക്ലാസ്സുകൾ സുവി ജോൺ കുര്യൻ ബൈബിൾ ക്ലാസ്സുകൾ നയിച്ചു. 2025 മെയ് 5, 12 എന്നീ തീയതികളിൽ രാവിലെ 6.30 മുതൽ വൈകിട്ട് 7.30 വരെ ബൈബിൾ ക്ലാസ്സുകൾ പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി ഹാളിൽ വെച്ച് സുവി ജോൺ കുര്യൻ ബൈബിൾ നിർവ്വഹിക്കും.

## പ്രാർത്ഥനാ സമ്മേളനം കുമ്പനാട്

**കുമ്പനാട് :** ദൈവഹിതമായാൽ കുമ്പനാട് സെന്ററിന്റെ സോദരീസമാജത്തിന്റെ ആഭിമുഖത്തിൽ നമ്മുടെ സഹോദരിമാരുടെ ആത്മീക ഉണർവിനെ ലക്ഷ്യമാക്കി ഒരു പ്രാർത്ഥന സമ്മേളനം 2025 മെയ് 7 ബുധൻ രാവിലെ 10 മണി മുതൽ 9 വെള്ളി 3.30 വരെ കുമ്പനാട് ബ്രദറൺ സഭാ ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ ദിവസവും സിസ്റ്റർ സൂസൻ ജോൺ പുല്ലാട് ബൈബിൾ ക്ലാസുകൾ എടുക്കുന്നതാണ്. ഈ പ്രാർത്ഥനാ സമ്മേളനത്തിലേക്ക് എല്ലാ സഹോദരിമാരെയും കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

## സുവിശേഷ പ്രഭാഷണവും സംഗീതവിരുന്നും ചെല്ലക്കാട്

**ചെല്ലക്കാട് :** റാന്നി സീയോൻകുന്ന് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2025 മെയ് 1, 2, 3 വ്യാഴം മുതൽ ശനി വരെ വൈകിട്ട് 6.00 മണി മുതൽ 8.30 വരെ ചെല്ലക്കാട്, മണ്ണിൽപടി ചെറുവാഴകുന്നിൽ ബ്രദർ ശ്രീ. റോജി തോമിന്റെ വീട്ടു പന്തലിൽ സുവിശേഷ പ്രഭാഷണവും സംഗീതവിരുന്നും നടത്തപ്പെടും. ആനുകാലിക സംഭവങ്ങൾ ബൈബിൾ പ്രവചന വെളിച്ചത്തിൽ സുവിശേഷകൻ ജോൺ പി. തോമസ് (എറണാകുളം) പ്രസംഗിക്കും. ബ്രദർ ജോൺലി ചാൾസ് & ടീം ഒരുക്കുന്ന ഗാനശുശ്രൂഷയും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക: 8281629000, 9495190361.

## സുവിശേഷ യോഗം വിലങ്ങറ

**വിലങ്ങറ:** വിലങ്ങറ ബ്രദറൺ അസംബ്ലിയുടെയും ഗ്രാമ സുവിശേഷീകരണ പ്രവർത്തനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2025 ഏപ്രിൽ 4, 5 (വെള്ളി, ശനി) എന്നീ തീയതികളിൽ വൈകിട്ട് 6 മുതൽ 8.30 വരെ വിലങ്ങറ ബ്രദറൺ അസംബ്ലി കോമ്പൗണ്ട് വെച്ച് സുവിശേഷയോഗം നടത്തപ്പെട്ടു. സുവിശേഷകന്മാരായ ശ്രീകുമാർ കീരിക്കൽ പത്തനാപുരം, ഷനു സാമുവൽ അടൂർ എന്നിവർ പ്രസംഗിച്ചു. ബ്രദർ സജീവൻ ഏലപ്പാറ & ടീം ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

## സംഗീത സായാഹ്നവും വചനഘോഷണവും എണ്ണയ്ക്കാട്

**എണ്ണയ്ക്കാട്:** എണ്ണയ്ക്കാട് ബ്രദറൺ ചർച്ചിന്റെ ആൾ ഫോർ ദി ലോഡ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 9 ബുധൻ മുതൽ 11 വെള്ളി വരെ വൈകിട്ട് 6 മണി മുതൽ 9 മണി വരെ എണ്ണയ്ക്കാട് മുട്ടാറ്റും കരയിൽ തമ്പാച്ചായന്റെ ഭവനാങ്കണത്തിൽ വെച്ച് സംഗീത സായാഹ്നവും സുവിശേഷ പ്രഘോഷണവും നടത്തപ്പെട്ടു. ഇവാ. എബി. കെ. ജോർജ് മല്ലശ്ശേരി, ഇവാ. ഗോഡ്‌ലി കുര്യൻ ആനിക്കാട്, ഇവാ. ലാലു വർഗ്ഗീസ് കൊട്ടാരക്കര എന്നിവരാണ് പ്രാസംഗികർ. ഗായക സംഘം ആൾ ഫോർ ദി ലോഡ് മിനിസ്ട്രിയുടെ സംഗീത വിരുന്നും ഉണ്ടായിരുന്നു.

## തിരുവചന പ്രഘോഷണവും സംഗീതവിരുന്നും കാർത്തികപ്പള്ളി

**കാർത്തികപ്പള്ളി:** 17-ാമത് തിരുവചന പ്രഘോഷണവും സംഗീതവിരുന്നും കാപ്പിൽ കിഴക്ക് ബ്രദറൺ സഭാങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. 2025 ഏപ്രിൽ 10, 11, 12 (വ്യാഴം മുതൽ ശനി വരെ) ദിവസവും വൈകിട്ട് 6.30 മുതൽ 9.00 വരെയാണ് തിരുവചന പ്രഘോഷണവും സംഗീതവിരുന്നും നടത്തപ്പെട്ടത്. സുവി. സജീവ് വർഗ്ഗീസ് പുതുപ്പള്ളി, സുവി. തോംസൺ. ബി. തോമസ് മുംബൈ, സുവി. എബി. കെ. ജോർജ് മല്ലശ്ശേരി എന്നിവരാണ് പ്രസംഗകർ. സുവി. ആലിച്ചൻ ആന്റണി & ടീം ഗാനശുശ്രൂഷ നിർവ്വഹിച്ചു. ഏപ്രിൽ 10,11 എന്നീ തീയതികളിൽ പരസ്യയോഗങ്ങളും, ഭവനസന്ദർശനവും, ഏപ്രിൽ 12 ശനിയാഴ്ച തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും ഉണ്ടായിരിന്നു.

## സുവിശേഷ യോഗവും ഗാനസന്ധ്യയും പാതിരിക്കൽ

**പാതിരിക്കൽ:** കലഞ്ഞൂർ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെയും ഗ്രാമ സുവിശേഷീകരണ പ്രവർത്തനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സുവിശേഷയോഗവും ഗാനസന്ധ്യയും 2025 ഏപ്രിൽ 9,10 ബുധൻ, വ്യാഴം എന്നീ തീയതികളിൽ വൈകിട്ട് 6 മുതൽ 8.30 വരെ പാതിരിക്കൽ ബാലവാടി ജംഗ്ഷൻ ഈട്ടിവിളപുരയിടത്തിൽ വെച്ച് സുവിശേഷയോഗം നടത്തപ്പെട്ടു. ഈ സുവിശേഷയോഗത്തിൽ സുവി. ഷൈജു യോഹന്നാൻ പൂയപ്പള്ളി, സുവി. പ്രമോദ് തോമസ് കോട്ടയം എന്നിവർ പ്രസംഗിച്ചു. ബ്രദർ ജയിംസ് ജോൺ തോട്ടപ്പള്ളി & ടീം ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

## ഗാനസന്ധ്യയും സുവിശേഷ യോഗവും മഹാഗണി

**മഹാഗണി:** ചല്ലിമുക്ക് മഹാഗണി ബ്രദറൺ ചർച്ചിന്റെയും ഗ്രാമ സുവിശേഷീകരണ പ്രവർത്തനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2025 ഏപ്രിൽ 7,8 (തിങ്കൾ, ചൊവ്വ) എന്നീ തീയതികളിൽ വൈകിട്ട് 6.00 മുതൽ 8.30 വരെ സുവിശേഷയോഗം മഹാഗണി ബ്രദറൺ മൈതാനത്തിൽ വെച്ച് നടത്തപ്പെട്ടു. സുവി. ശ്രീകുമാർ കീരിക്കൽ (പത്തനാപുരം), സുവി. ജോൺ വർഗ്ഗീസ് (കൊട്ടാരക്കര) എന്നിവരാണ് പ്രസംഗകർ. ഗാനശുശ്രൂഷ ബ്രദർ ഷാജു ചണ്ണപ്പേട്ട് & ടീം നയിച്ചു.

## സോദരി ഭവൻ കോൺഫറൻസ്

**കൊല്ലം:** 2025 ഏപ്രിൽ 16 ബുധൻ രാവിലെ 9.30 മുതൽ 18 വെള്ളി 1 മണി വരെ സോദരി ഭവൻ കൊല്ലത്ത് കോൺഫറൻസ് നടത്തപ്പെട്ടു. "കൊയ്ത്ത് വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം" (മത്തായി 9:37) എന്നതാണ് ഈ കോൺഫറൻസിന്റെ തീം. സിസ്റ്റർ ലൗലി ജോർജ് എറണാകുളം, സിസ്റ്റർ അനിതാ ജെസ്സി ജോൺസൻ കൊട്ടാരക്കര, സിസ്റ്റർ ജെസ്സി സൈമൺ ചിതംബരം എന്നിവരാണ് വചന ശുശ്രൂഷ നിർവ്വഹിച്ചത്.

## സുവിശേഷ മഹായോഗം

**മാവേലിക്കര:** മാവേലിക്കര ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 2 ബുധൻ മുതൽ 4 വെള്ളി വരെ വൈകിട്ട് 6.30 മുതൽ 8.30 വരെ സുവിശേഷ മഹായോഗം നടത്തപ്പെട്ടു. ഇവാ. ജോബി ജെയിംസ് പ്രസംഗിച്ചു.

## ഹാർവെസ്റ്റ് ബൈബിൾ സ്കൂൾ

**ഭുവനേശ്വർ:** ഹാർവെസ്റ്റ് ബൈബിൾ സ്കൂൾ നടത്തപ്പെടുന്ന 6-ാ മത് ഗ്രാജ്വേഷൻ വ്യായാമം 2025 ഏപ്രിൽ 10 വ്യാഴം രാവിലെ 10.30 മുതൽ 12.30 വരെ ഹാർവസ്റ്റ് കോൺഫറൻസ് നടത്തപ്പെട്ടു. 2025 ഏപ്രിൽ 8, 9 തീയതികളിൽ ഭുവനേശ്വറിലെ ഹാർവെസ്റ്റ് ബൈബിൾ സ്കൂളിൽ ഹാർവസ്റ്റ് കോൺഫറൻസ് നടത്തപ്പെടുകയും ചെയ്തു.

## വുമൺസ് ബൈബിൾ ക്യാമ്പ് 2025

**നെല്ലിക്കുന്ന്:** 2025 ഏപ്രിൽ 7 തിങ്കൾ മുതൽ 11 വെള്ളി വരെ സീയോൻ ബ്രദറൺ ചർച്ച് നെല്ലിക്കുന്ന് വുമൺസ് ബൈബിൾ ക്യാമ്പ് നടത്തപ്പെട്ടു. ബ്രദർ വി. പി. പൗലോസ് രാമമംഗലം, സിസ്റ്റർ സിസ്സി സജി മല്ലശ്ശേരി എന്നിവരാണ് ഈ വർഷത്തെ ക്യാമ്പ് ലീഡേഴ്സ്.

## സ്റ്റീവാർഡ്സ് ബൈബിൾ കോളേജ്

**ചെന്നൈ:** സ്റ്റീവാർഡ്സ് ബൈബിൾ കോളേജ് 50-ാമത് ബിരുദവും 2025 ഏപ്രിൽ 5 ശനിയാഴ്ച രാവിലെ 10.30 ന് വിടവാങ്ങൽ ചടങ്ങ് നടത്തപ്പെട്ടു. ബ്രദർ മനോജ് മാത്യു മുഖ്യാതിഥിയായിരുന്നു.

## സുവിശേഷപ്രസംഗങ്ങളും ഗാനശുശ്രൂഷയും തിരുവൻവണ്ടൂർ

**തിരുവൻവണ്ടൂർ :** ദൈവഹിതമായാൽ 2025 ഏപ്രിൽ 14, 15, 16 (തിങ്കൾ മുതൽ ബുധൻ) തീയതികളിൽ തൈയ്ക്കകത്ത് തോമസുകുട്ടി അവറുകളുടെ ഭവനാങ്കണത്തിൽ വെച്ച് എല്ലാ ദിവസവും വൈകുന്നേരം 6.30 മുതൽ 8.30 വരെ സുവിശേഷ പ്രസംഗവും ഗാനശുശ്രൂഷയും നടത്തപ്പെട്ടു. മാസ്റ്റർ സണ്ണി തോമസ് തിരുവനന്തപുരം, ബ്രദർ ജോബി ജയിംസ് പമ്പാവാലി, ബ്രദർ ബോബി തോമസ് മുക്കൂട്ടുതറ എന്നിവർ പ്രസംഗിച്ചു. ഹോളി ബീറ്റ്സ് തിരുവല്ലയുടെ ഗാനശുശ്രൂഷയും ഉണ്ടായിരുന്നു.

## പ്രവചന സമ്മേളനം

**കാട്ടാക്കട:** ക്രിസ്തുയേശുവിൽ സ്നേഹവന്ദനം, 2025 ഏപ്രിൽ 12 ന് കാട്ടാക്കട ബ്രദറൺ സഭയുടെ ചുമതലയിൽ ഭവനസന്ദർശനവും ഉച്ചയ്ക്കു ശേഷം ഗ്രൂപ്പ് പ്രാർത്ഥന, സാക്ഷ്യം, വചനശുശ്രൂഷ, പരസ്യയോഗം എന്നീവ നടത്തുകയും പ്രവർത്തനത്തെ ഓർത്തു സഭയായി ശ്രദ്ധയോടെ പ്രാർത്ഥിക്കുകയും സഹോദരൻമാർ ഉൽസാഹപൂർവ്വം, ആത്മഭാരത്തോടെ വന്ന് പ്രവർത്തനത്തിൽ സംബന്ധിക്കുകയും ചെയ്തു.

## സോദരി സമാജം പത്തനംതിട്ട

**പത്തനംതിട്ട:** ദൈവഹിതമായാൽ, പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിൽ നടത്തപ്പെട്ട സോദരി സമാജം 2025 ഏപ്രിൽ 5 ന് ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ സുവിശേഷാലയത്തിൽ വെച്ച് നടത്തപ്പെട്ടു.

## മോചനം 2025

**ചക്കണാംപൊയ്ക:** മോചനം 2025 ചക്കണാംപൊയ്ക ബ്രദറൺ ചർച്ചിൽ വെച്ച് മെയ് 2 മുതൽ 4 വരെ സുവിശേഷ ശുശ്രൂഷയും പ്രാർത്ഥനാ കൂട്ടായ്മയും വിവിധ സ്ഥലങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ക്യാമ്പിൽ സഹകരിക്കുന്ന ഗോസ്പൽ ടീം പ്രവർത്തകരായ അഗപെസുവിശേഷ ശുശ്രൂഷകൾ തൃശൂരിൽ ബ്രദർ ലിജോയ് പി. ചാക്കോ, സുവാർത്ത സുവിശേഷ ശുശ്രൂഷകൾ പെരുമ്പാവൂരിൽ ബ്രദർ ജോയ് ക്രാരിയേലി, പെനിയൽ സുവിശേഷ ശുശ്രൂഷകൾ എറായിൽ ബ്രദർ സജി മോൻ, സഹോദങ്ങളുടെ പ്രാർത്ഥന കൂട്ടായ്മ കോഴഞ്ചേരിയിൽ ബ്രദർ വർഗീസ് മാത്യു, ബിബ്ലിയ ഇന്റർനാഷണൽ കോട്ടയത്ത് ബ്രദർ ഡോ. ഒ. ജെ ജോൺ, കൃപ സോദര സുവിശേഷകർ എരുമേലിയിൽ ഇവാ. അനിൽകുമാർ എന്നിവർ നയിക്കും. ക്യാമ്പിൽ പ്രവർത്തിക്കുന്ന ടീമുകളുടെ നമ്പർ താഴെ കൊടുത്തിരിക്കുന്നു.

Contact : Lijoy P Chacko - 7994014165
Joy Krariyely - 9747491244, Sajimon - 994634640
Varghese Mathew - 9847567095,
Dr. O. J. John - 9526235127, Anilkumar - 9745986497

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.04.2025
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

## 71-ാമത് വുമൻസ് ബൈബിൾ ക്യാമ്പ് കുമ്പനാട്

**കുമ്പനാട്:** 2025 ലെ വുമൻസ് ബൈബിൾ ക്യാമ്പ് ദൈവഹിതമായാൽ കുമ്പനാട് ബ്രദറൺ സഭാ ഹാളിൽ വെച്ച് നടത്തപ്പെട്ടു. ഏപ്രിൽ 7 തിങ്കൾ മുതൽ 12 ശനി വരെ ബൈബിൾ ക്ലാസുകൾ നടത്തി. സുവി. റജി കെ. തോമസ് നെല്യാടി ബൈബിൾ ക്ലാസ്സുകൾ നയിച്ചു. 'കർത്താവിന്റെ സന്നിധിയിൽ താഴുവീൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും' എന്നതാണ് ക്യാമ്പിന്റെ തീം. ഏപ്രിൽ 7 ന് ഉച്ചക്ക് 2.30 മുതൽ 3.30 വരെയും, ചൊവ്വാ മുതൽ വെള്ളി വരെ എല്ലാ ദിവസവും രാവിലെ 10.00 മണി മുതൽ 11.00 മണി വരെയും, ഉച്ചക്ക് 2.30 മുതൽ 3.30 വരെ ക്ലാസ്സുകൾ നടത്തി. സദൃശവാക്യങ്ങൾ 8:1–36 എന്നതാണ് വചനധ്യാനം. ഏപ്രിൽ 7 തിങ്കൾ രാവിലെ 11.00 മണി മുതൽ 1.00 മണി വരെ സുവി. വി. മാത്യു ഉദ്ഘാടന സമ്മേളനം നടത്തി.

## സത്യം പബ്ലിക്കേഷൻസ് ഇംഗ്ലീഷ്-ബംഗാളി ബൈബിൾ പ്രസീദ്ധീകരിക്കുന്നു

## വാർഷിക സ്തോത്രസമ്മേളനം പത്തനാപുരം

**പത്തനാപുരം:** ഹോസ്പിറ്റൽ മിനിസ്ട്രീസ് നടത്തുന്ന വാർഷിക സ്തോത്രസമ്മേളനം 2025 ഏപ്രിൽ 18 ന് പത്തനാപുരം കലഞ്ഞൂർ ബ്രദറൺ സഭാഹാളിൽ വെച്ച് രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 1 മണി വരെ സമ്മേളനം നടത്തപ്പെട്ടു. ഈ വർഷത്തെ സമ്മേളനത്തിൽ ബ്രദർ ഗായോസ് മാത്യു അദ്ധ്യക്ഷൻ വഹിച്ചു. ഡോ. വർഗ്ഗീസ് ജോൺ തിരുവനന്തപുരം സന്ദേശം നൽകി.




## സോദരി ഭവൻ ബൈബിൾ കോഴ്സ് അഡ്മിഷനുകൾ ആരംഭിച്ചു

**കൊല്ലം:** സോദരി ഭവൻ 2 വർഷത്തെ ബൈബിൾ കോഴ്സ് പുതിയ ബാച്ച് 2025 ജൂൺ 5 മുതൽ അഡ്മിഷനുകൾ ആരംഭിച്ചു. രണ്ടു വർഷത്തെ ബൈബിൾ കോഴ്സിലേക്ക് യുവതികളെ ക്ഷണിക്കുന്നു. യുവതികൾ സ്ഥാനാർത്ഥികൾ ഒരു ബ്രദറൺ അസംബ്ലിയിൽ ഉൾപ്പെട്ടവരും വീണ്ടും ജനിച്ചവരുമായിരിക്കണം. പ്രായ പരിതി 17 മുതൽ 23 വരെയും കുറഞ്ഞ യോഗ്യത മെട്രിക്കുലേഷനും ഇംഗ്ലീഷ് മീഡിയം ആയിരിക്കണം. കൂടാതെ താമസവും ഭക്ഷണവും നൽകുന്നതാണ്. താൽപ്പര്യമുള്ളവർ ദയവായി ഇപ്പോൾ അപേക്ഷിക്കുക. താഴെ തന്നിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക:

ജോയ്സ് മാത്യു : (സെക്രട്ടറി) 0474–2744846, 9446107172

## ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ ബാച്ച് മെയ് 2 ന് ആരംഭിക്കും

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ ബാച്ച് 2025 മെയ് 2 ന് ആരംഭിക്കും. ദൈവവേലക്ക് സമർപ്പിച്ചവർ ദൈവവിളിയുള്ളവരുമായ ആളുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. മൂന്നു തലങ്ങളിൽ ആയാണ് ക്ലാസ്സുകൾ നടക്കുന്നത്. റസിഡൻഷ്യൽ പ്രോഗ്രാമിനുള്ള ഓൺലൈനിൽ അപേക്ഷിക്കാവുന്ന അവസാന തീയതി ഏപ്രിൽ 10 നാണ്. വിദൂര വിദ്യാഭ്യാസത്തിനുള്ള അപേക്ഷകൾ വർഷം മുഴുവനും സമർപ്പിക്കാം. B. Th, M.B.S., M.Div, M.Th., എന്നിവയിൽ നോർമൽ ക്ലാസ്സുകളും B.B.S, M.B.S., M.Div, M.Th., എന്നിവയിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകളും ഉണ്ടായിരിക്കും. ദൈവീക ദർശനം ഉള്ള ഒരു തലമുറയെ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ദൈവവചനവും ആയി അയക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. പ്രീഡിഗ്രി കഴിഞ്ഞ ശേഷം ദൈവീക വിദ്യാഭ്യാസത്തിനായി ആഗ്രഹിക്കുന്നവർക്കും കുടുംബമായി താമസിക്കുന്നവർക്കും കോഴ്സുകളിൽ അപേക്ഷ സമർപ്പിക്കാം. ATA മെമ്പർഷിപ്പോടുകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രത്യേകതയിൽ സാങ്കേതിക വിദ്യാഭ്യാസങ്ങളുടെ ഉപയോഗവും എല്ലാവിധ പഠനസൗകര്യങ്ങളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

Dr. K.C. Johnson (Principal)- +91 9447265500, bbi@bbindia.org

Mr. Roy Mathew (President)- +91 9447290100, +974-55519650 roy@bbiindia.org

Mr.O.T. Cheriyan (Secretary)- +91 9961318605

## സുവാർത്ത 2025 പാമ്പാടി

**പാമ്പാടി:** സ്വർഗ്ഗീയ സംഗീതത്തിന്റെയും ദൈവിക സന്ദേശങ്ങളുടെയും വിസ്മയ നിമിഷങ്ങളുമായി ഏപ്രിൽ 11, 12, 13 തീയതികളിൽ വൈകുന്നേരം 6.00 മണി മുതൽ പാമ്പാടി ഒറ്റപ്ലാക്കൽ വില്ലാ മൈതാനത്തിൽ വെച്ച് നടത്തപ്പെട്ടു. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ സജീവ് വർഗീസ്, ബ്രദർ പ്രമോദ് തോമസ് എന്നിവർ സന്ദേശങ്ങൾ നൽകി. ബ്രദർ ജയ്സൺ സോളമൻ, ബ്രദർ ബിനോയ് ചാക്കോ, ബ്രദർ ബ്രൗൺ തോമസ്, ബ്രദർ ഷാലെറ്റ് ജെയ്സൺ എന്നിവർ സംഗീതം ആലപിച്ചു.

## എസ്. ബി. എസ് ക്യാമ്പ്

**പത്തനംതിട്ട:** എസ്.ബി.എസ്. സെന്റർ ക്യാമ്പ് 2025 ഉദ്ഘാടന സമ്മേളനം ഏപ്രിൽ 16 ന് വൈകിട്ട് 6.00 മണിക്ക് ഗോസ്പെൽ ഹാൾ പത്തനംതിട്ടയിൽ വെച്ച് നടത്തപ്പെട്ടു. ബ്രദർ ഒ. റ്റി. ചെറിയാൻ നന്നുവക്കാട് ഉദ്ഘാടനം നടത്തി. ബ്രദർ ജേക്കബ്ബ് ജോൺ മേക്കൊഴൂർ അദ്ധ്യക്ഷൻ വഹിക്കുകയും ബ്രദർ ബെൻ തോമസ് കോട്ടയം വചനശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു.




## വി. ബി. എസ്. അടൂർ

**അടൂർ:** അടൂർ സുവിശേഷാലയത്തിന്റെ ചുമതലയിലും പറക്കോട് ഈസ്റ്റ് ബ്രദറൺ സഭയുടെ സഹകരണത്തിലും നടത്തപ്പെട്ട വി. ബി. എസ് 2025 ഏപ്രിൽ 1 ചൊവ്വ മുതൽ 4 വെള്ളി വരെ ദിവസവും രാവിലെ 8.30 മുതൽ 12 വരെ നടത്തപ്പെട്ടു.

## സുവിശേഷ മഹായോഗവും സംഗീതവിരുന്നും വാരേണിക്കൽ

**വാരേണിക്കൽ:** വാരേണിക്കൽ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 16–ാമത് സുവിശേഷമഹായോഗവും സംഗീതവിരുന്നും വാരേണിക്കൽ ബ്രദറൺ സഭാങ്കണത്തിൽ വെച്ച് ഏപ്രിൽ 6 ഞായർ മുതൽ 9 ബുധൻ വരെ വൈകിട്ട് 6 മണി മുതൽ 9 വരെ നടത്തപ്പെട്ടു. ഇവ. ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ പി.ജി ജെയിംസ്, ഡോ. കെ.സി. ജോൺസൺ, ഇവാ. ജോൺസൺ ലാസർ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

വി.ബി.എസ്. ഒരുക്കുന്ന അവധിക്കാലത്തെ അന്തോഷദിനങ്ങൾക്കായി കുട്ടികൾക്കുവേണ്ടി ചിത്രകഥകൾ, മോറൽ സ്റ്റോറി, കളറിംഗ്, പുത്തൻ പാട്ടുകൾ ഗെയിം ഇവയെല്ലാം ഉണ്ടായിരുന്നു. ഏപ്രിൽ 7, 8, 9 എന്നീ തീയതികളിൽ രാവിലെ 8.30 മുതൽ 12. വരെ നടത്തപ്പെട്ടു. ബ്രദർ ജെയ്സൺ കെ. ജോർജ്ജ് കൊട്ടാരക്കര, ബ്രദർ ബാബു ഓടനാവട്ടം, ബ്രദർ ബൈജു ബാലരാമപുരം, ബ്രദർ സാമുവൽ പഞ്ചമൻ, മാസ്റ്റർ ഡോറോൺ ധർമ്മരാജ് എന്നിവരുടെ ഗാനശുശ്രുഷ ഉണ്ടായിരിന്നു.

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.